നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# സമരം അകത്തും പുറത്തുമാകാം



എന്തുകൊണ്ട് ഉണർന്നിരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് വിജയൻമാഷ് മടങ്ങുന്നത്.

127

നവംബർ 2007

# അഴിമതിയിൽ ഒന്നാം സ്ഥാനം മ്യാൻമാറിന്ന്

**ലോ**ക രാഷ്ട്രങ്ങൾക്കിടയിൽ അഴിമതിയിൽ ഒന്നാം സ്ഥാനം മ്യാൻമാറിന്ന്; അഥവാ ഒന്നാംസ്ഥാനം മ്യാൻമാറും ആഫ്രിക്കൻ രാജ്യമായ സോമാലിയയും പങ്കിട്ടെടുത്തു.

കൈക്കോഴ സമ്പ്രദായത്തിന്നെതിരായി പ്രവർത്തിച്ചു വരുന്ന അന്താരാഷ്ട്ര സംഘടനയായ "ട്രാൻസ്പാരൻസി ഇന്റർ നാഷനൽ" ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പടർന്നു പിടിച്ചിട്ടുള്ള അഴിമതിയുടെ തീവ്രത കണക്കാക്കി, അഴിമതിയുടെ ഏറ്റക്കുറച്ചിൽ സൂചിപ്പിക്കുന്ന ഒരു പട്ടിക കൊല്ലം തോറും പ്രസിദ്ധീകരിക്കാറുണ്ട്.

ട്രാൻസ്പാരൻസി ഇന്റർ നാഷനലിന്റെ ഇക്കൊല്ലത്തെ അഴിമതിസൂചികയിൽ 180 രാജ്യങ്ങളാണുള്ളത്. ഇതിൽ മ്യാൻമാറും സോമാലിയയും ഒന്നാംസ്ഥാനം പങ്കിട്ടു; തൊട്ടുപിന്നിലായി ഇറാഖുമുണ്ട്.

ജനങ്ങളെ അടിച്ചമർത്തുന്ന സ്വേഛാധിപത്യ ഭരണകൂടങ്ങൾ, അക്രമങ്ങൾക്ക് തുനിയുമെന്ന് മാത്രമല്ല, അഴിമതിയുണ്ടാക്കുമെന്നും ട്രാൻസ്പാരൻസി ഇന്റർ നാഷണലിന്റെ ചെയർമാനായ യൂജീറ്റെ ലാബൽ പറഞ്ഞു. ഒരു സ്വേഛാധിപത്യ സംവിധാനത്തിൽ ഒരാൾക്കും സ്വന്തം സമ്പാദ്യത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ട കാര്യമില്ലെന്നതാണ് ഇതിന്നുകാരണം,

ലോകരാഷ്ട്രങ്ങളിൽ 40 ശതമാനവും വ്യാപകമായ അഴിമതിയുള്ള രാജ്യങ്ങൾ എന്ന ഗണത്തിൽ പെടുന്നു. ഈ രാജ്യങ്ങളിൽ മിക്കവയും പരമ ദരിദ്രമാണെന്ന് മിസിസ് ലാബൽ പറഞ്ഞു. രാജ്യത്തിന്റെ വിഭവ സമ്പത്തിൽ ഭീമമായൊരു ഭാഗം ഉദ്യോഗസ്ഥന്മാർ തട്ടിയെടുക്കുന്നു.

ഏറ്റവും കുറച്ച് അഴിമതിയുള്ള രാജ്യം എന്ന സ്ഥാനം മുന്നുരാജ്യങ്ങൾ പങ്കിട്ടു – ഡെന്മാർക്ക്, ഫിൻലാന്റ്, ന്യൂസിലാന്റ് എന്നിവയാണവ. അഴിമതി കുറഞ്ഞ രാജ്യങ്ങളെല്ലാം സമ്പന്ന രാജ്യങ്ങളാണ്. ഇതിൽ ബ്രിട്ടന് 12–ാം സ്ഥാനമാണുള്ളത്. കനഡ, ആസ്ത്രേലിയ, നെതർലാൻഡ്സ്, സ്വിറ്റ്സർലാൻഡ്, സിങ്കപ്പൂർ എന്നിവ ബ്രിട്ടനടുത്തെത്തുന്നു.

അടുത്തകൊല്ലത്തെ പട്ടികയിൽ ബ്രിട്ടൻ കുത്തനെ താഴോട്ടുപോകാനിടയുണ്ട്. BAE എന്ന ബ്രിട്ടീഷ് ആയുധ വ്യാപാര കമ്പനി നടത്തിയ അഴിമതികളുടെ കഥ ഈയിടെയാണ് പുറത്തുവന്നത്. ടോണിബ്ലയർ പ്രധാനമന്ത്രിയായിരിക്കെ "സർ" സ്ഥാനം വിറ്റു കാശാക്കിയതായും ആക്ഷേപം ഉയർന്നിരുന്നു. ഇതൊക്കെ അടുത്ത കൊല്ലത്തെ കണക്കിലാണ് പ്രത്യക്ഷപ്പെടുക.

ദരിദ്ര രാജ്യങ്ങളിൽ അഴിമതി വളർത്തുന്നത് ബഹുരാഷ്ട്ര കുത്തകകളാണെന്നും സമ്പന്നരാജ്യങ്ങളുടെ സമ്പത്തിന്റെ മറുപുറമാണിതെന്നും മിസിസ് ലേബർ പറഞ്ഞു.

അഴിമതി നിരോധന നിയമം പരിഷ്കരിക്കുന്നതിൽ അസാധാരണമായ വൈമുഖ്യമാണ് ബ്രിട്ടൻ കാണിക്കുന്നതെന്നും അവർ ആക്ഷേപിച്ചു.

❑

ജനനീതി

നവംബർ 2007
127

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസിസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# നിയമ കോടതികൾ ന്യായകോടതികളായി മാറുമ്പോൾ

ഇന്ത്യയിലെ കോടതികളിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ചിലവിധികളും പരാമർശങ്ങളും ജനങ്ങളെ നടുക്കിക്കളയുന്ന തരത്തിൽ പെട്ടവയാണ്. ഒരു കോർട്ടലക്ഷ്യക്കേസിൽ നാലു പത്രക്കാരെ ശിക്ഷിച്ചുകൊണ്ടുള്ള ദൽഹി ഹൈക്കോടതി വിധിയാണ് അതിലൊന്ന്. സേതുസമുദ്രം പദ്ധതി സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീംകോടതിയുടെ കല്പനയിൽ പ്രതിഷേധിച്ച് തമിഴ് നാട്ടിൽ നടത്താൻ പ്ലാനിട്ട ബന്ദ് നിരോധിച്ച സുപ്രീംകോടതിയുടെ കല്പനയാണ് മറ്റൊന്ന്. കോടതിയെക്കുറിച്ചുള്ള സാമാന്യ സങ്കല്പങ്ങളുടെ അതിരുകളെയെല്ലാം ലംഘിക്കുന്നവയാണിവ.

ഇന്ത്യയിലെ ആധുനിക നീതിന്യായ സംവിധാനത്തിന്ന് രണ്ടു നൂറ്റാണ്ടിന്റെ പഴക്കമേയുള്ളൂ. പണ്ടെല്ലാം രാജനീതിയായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. ബ്രിട്ടീഷ് ഭരണകാലത്താണ് നിയമാധിഷ്ഠിതമായ കോടതികൾ ഇവിടെ സ്ഥാപിതമായത്. നിയമനിർമ്മാണ സഭകൾ അംഗീകരിക്കുന്ന നിയമങ്ങൾ പ്രകാരമുള്ള ഭരണത്തിന്ന് മാർഗ്ഗനിർദ്ദേശം നൽകുക; നിയമങ്ങൾ വ്യാഖ്യാനിക്കുക; നിയമ ലംഘകരെ ശിക്ഷിക്കുക എന്നിവയാണ് കോടതിയുടെ ചുമതലകൾ. പക്ഷെ ഭരണഘടനാധിഷ്ഠിതമായ നിയമകോടതികളായി പ്രവർത്തിക്കുന്നതിനേക്കാൾ രാജനീതിയിലധിഷ്ഠിതമായ ന്യായകോടതികളായിത്തീരാനാണ് നമ്മുടെ കോടതികളിൽ പലതിലും വെമ്പൽ കാണുന്നത്.

കുറച്ചുകാലംമുമ്പ്, 1997ൽ, കേരള ഹൈക്കോടതി ബന്ദ് നിരോധിച്ചു; പണിമുടക്കാവാം; ഹർത്താലാവാം; ബന്ദ് പാടില്ല എന്നായിരുന്നു വിധി. ഈ മൂന്നും തമ്മിൽ എന്താണ് വ്യത്യാസമെന്ന് ഈശ്വരനുപോലും അറിവുണ്ടാകില്ല.

ഏതായാലും ആരും തർക്കിക്കാൻ പോയില്ല. പൂച്ച കറുത്തതായാലും വെളുത്തതായാലും എലിയെ പിടിച്ചാൽ മതിയല്ലൊ. അങ്ങനെ ഹൈക്കോടതിയുടെ നിരോധനാജ്ഞക്കുശേഷവും ഇവിടെ ബന്ദാചരണം നടന്നുപോന്നു; അതെല്ലാം ഹർത്താൽ എന്ന ഓമനപ്പേരിലായിരുന്നുവെന്നേയുള്ളൂ. പേരിലെന്തിരിക്കുന്നു? പനിനീർപൂവിന്നു മറ്റെന്തുപേരുപറഞ്ഞാലും സുഗന്ധത്തിന്നു മാറ്റമില്ലല്ലൊ. ബന്ദായാലും ഹർത്താലായാലും പൊതുപണിമുടക്കായാലും ജനജീവിതം സ്തംഭിക്കും.

ഹൈക്കോടതിയുടെ വിധി സുപ്രീംകോടതിയിലെത്തിയപ്പോൾ അവരും അതിന്ന് "ആമേൻ" പാടിയിരുന്നു. പക്ഷെ ആരുമതുകാര്യമാക്കിയിരുന്നില്ല. കേരളത്തിൽ ഹർത്താലും കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ ബന്ദും തുടർന്നുപോന്നു-ഇക്കഴിഞ്ഞ സെപ്തംബർ വരെ.

സേതു സമുദ്രം പദ്ധതി സ്തംഭിപ്പിച്ചതിന്നെതിരെ തമിഴ്നാട്ടിൽ ഒക്ടോബർ ഒന്നാം തിയ്യതി സർക്കാർ ആഭിമുഖ്യത്തിൽത്തന്നെ ഒരു ബന്ദാചരിക്കാൻ തീരുമാനിച്ചിരുന്നു സ്വാഭാവികമായും ഇതിന്നെതിരായും ചിലർ സുപ്രീംകോടതിയെ സമീപിച്ചു. അപ്പോഴാണ് സുപ്രീംകോടതി പറയുന്നത് ബന്ദ് നിരോധനം ഒരഖിലേന്ത്യാ നിരോധനമാണെന്നും, തമിഴ്നാട്ടിൽ ബന്ദ് നടത്തിക്കൂടെന്നും! കാര്യം ശരിയാണ് ഇന്ത്യൻ ഭരണഘടനപ്രകാരം സുപ്രീം കോടതിയിൽനിന്നും ഒരുവിധിയുണ്ടായാൽ അത് ഇന്ത്യക്കാകെ ബാധകമാണ്. കേരള ഹൈക്കോടതിയുടെ ബന്ദ് നിരോധനത്തെ സുപ്രീംകോടതി ശരിവച്ചതോടെ അത് ഇന്ത്യക്കാകെ ബാധകമായി. പക്ഷെ ഈ ഒക്ടോബർ ഒന്നാം തിയ്യതി വരെ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നടന്ന ഡസൻ കണക്കിനുള്ള ബന്ദുകൾ യമനറിയാത്ത മരണമായിരുന്നുവോ? ഇക്കഴിഞ്ഞ ആഗസ്റ്റ് 27ന്ന്, ഹൈദരാബാദിലെ സ്ഫോടനങ്ങളിൽ പ്രതിഷേധിക്കാൻ നടത്തിയ ബന്ദിന്റെ കഥ എന്താണ്?

ഇന്ത്യൻ ഭരണഘടനപ്രകാരം നിയമനിർമ്മാണച്ചുമതല ജനപ്രതിനിധിസഭക്കും നിയമനിർവ്വഹണ ചുമതല ഗവർമ്മേണ്ടിന്നുമാണ്. ബന്ദോ ഹർത്താലോ പണിമുടക്കോ നിരോധിക്കണമെങ്കിൽ, അതിനുള്ള അധികാരം ഗവർമ്മേണ്ടിന്നാണ്; അങ്ങനെ നിരോധിക്കാൻ നിയമം അനുവദിക്കുന്നില്ലെങ്കിൽ, അതുപറയേണ്ടത് കോടതിയാണ്; നിയമമുണ്ടാക്കേണ്ടത് ജനപ്രതിനിധിസഭയുമാണ്. ഭരിക്കുന്നവരും ഭരണീയരും നിയമത്തിന്റെ ചട്ടക്കൂടിനകത്ത് ഒതുങ്ങിനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള അധികാരം മാത്രമേ കോടതികൾക്കുള്ളൂ. ബന്ദ് നിരോധിക്കണമെങ്കിൽ അതിനുള്ള നിയമനിർമ്മാണം നടത്തേണ്ടത് ജനപ്രതിനിധിസഭയാണ്; ആ നിയമം നടപ്പാക്കേണ്ട ചുമതല ഗവർമ്മേണ്ടിനാണ്. ജനപ്രതിനിധിസഭ പാസാക്കിയനിയമം ഭരണഘടനാനുസൃതമാണോ എന്നു പരിശോധിക്കുകയും, ഭരണഘടനാനുസൃതമാണെങ്കിൽ, അതനുസരിച്ച് പ്രവർത്തിക്കാൻ ഗവർമ്മേണ്ടിനോടും ജനങ്ങളോടും ആവശ്യപ്പെടുകയും ചെയ്യാനേ കോടതികൾക്കധികാരമുള്ളൂ.

മുൻ ചീഫ് ജസ്റ്റീസ് ജ.സഭർവാളിന്നെതിരെ ദൽഹിയിലെ "മിഡ് ഡേ" എന്ന പത്രം ചില ആരോപണങ്ങൾ ഉന്നയിച്ചതിന്നാണ് ആ പത്രത്തിന്റെ നടത്തിപ്പുകാരായ നാലുപേരെ ദൽഹി ഹൈക്കോടതി ശിക്ഷിച്ചത്. ഹൈക്കോടതി സ്വയമേവ പരിഗണനക്കെടുത്ത കോർട്ടലക്ഷ്യക്കേസാണിത്. ഹൈക്കോടതി തന്നെ ശിക്ഷയും വിധിച്ചു. അന്യായക്കാരൻതന്നെ വിധികർത്താവാകുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. കോടതിക്കതിന്ന് അധികാരമുണ്ടെന്നത് ശരിതന്നെ. പക്ഷെ അതിൽ ഔചിത്യമില്ല. രണ്ടാമത്, പത്രത്തിൽ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിയാണോ അല്ലയോ എന്ന് കോടതി പരിശോധിച്ചിട്ടില്ല. ഉന്ന ⇨

# ഗുജറാത്തിലെ കലാപവും കൗരവ സഭയിലെ വസ്ത്രാക്ഷേപവും

- ആർ.ബി. ശ്രീകുമാർ -

സമൂഹം എന്ന പദത്തിന് മനുഷ്യജീവികളുടെ സമൂഹത്തിന്റെ കൂട്ടായ്മ എന്ന അർത്ഥമാണുള്ളത്. ഭരണകൂടം രൂപം കൊള്ളുന്നതിന്നുമുമ്പുതന്നെ സമൂഹമുണ്ടായി. സമൂഹത്തിന്റെ അഭിനിവേശ സാക്ഷാൽക്കാരത്തിന്നായി സൃഷ്ടിക്കപ്പെട്ടതാണ് ഭരണകൂടം. ഗവർമ്മേണ്ടുണ്ടായതോടെ, കാട്ടിലെ നിയമങ്ങൾക്കറുതി വന്നു; ബലമേറിയത് ബലഹീനമായതിനെ തിന്നുകയെന്ന മത്സ്യന്യായത്തിന്നറുതിവന്നു. സമൂഹ ജീവിതത്തിന്ന് സുരക്ഷിതമായ സാഹചര്യം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യലാണ് ഭരണകൂടം ചെയ്യുന്നത്.

ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തിന്നാധാരം ഭരണഘടനയാണ്. ‘‘ജനങ്ങളായ നമ്മൾ’’ വിഭാവനം ചെയ്യുന്നത് സാക്ഷാൽക്കരിക്കുന്നതിനുള്ളതാണ് ഈ സംവിധാനം. ഭരണഘടനയുടെ അലംഘനീയമായ ആധാരശിലകൾ പരമാധികാരം, ദേശീയൈക്യം, ജനാധിപത്യം, സോഷ്യലിസം മതേതരത്വം എന്നിവയാണെന്ന് സകല നിയമ പണ്ഡിതൻമാരും ഏകകണ്ഠമായി സമ്മതിക്കുന്നുണ്ട്. ആത്യന്തികമായി പറഞ്ഞാൽ ഇന്ത്യയിലെ പൗരൻമാരാണ് എല്ലാറ്റിന്റേയും സംരക്ഷകർ.

ഇന്ത്യയിലെ ജനങ്ങൾ ദീർഘകാലമായി പരിപാവനമായി കരുതുന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഭരണഘടനാതത്വങ്ങളെ ധ്വംസിക്കാനോ അട്ടിമറിക്കാനോ മാറ്റിയെഴുതാനോ തിരഞ്ഞെടുപ്പിൽ ജയിച്ചു എന്നതുകൊണ്ടുമാത്രം ഒരു ഗവർമ്മേണ്ടിന്നും നിയമപരമായോ രാഷ്ട്രീയമായോ ധാർമ്മികമായോ അധികാരമില്ല. ബാലറ്റ് പെട്ടിയിലൂടെയോ മറ്റു വിധത്തിലോ അധികാരത്തിൽ വന്ന് മത്ത് പിടിച്ചവർ നമ്മുടെ വ്യവസ്ഥാപിത തത്വങ്ങളെ ധ്വംസിക്കുന്നതും ദുരുപയോഗിക്കുന്നതും തടയാൻ സമൂഹം ജാഗ്രത പുലർത്തണം.

ഉണർന്ന് ജാഗ്രദാവസ്ഥയിൽ കഴിയുന്ന ഒരു സമൂഹം ഒരു കാവൽ നായയുടെ പങ്കാണ് വഹിക്കുക. സമൂഹത്തിന്റെ പ്രതികരണങ്ങൾ മാധ്യമങ്ങളിലൂടേയോ സന്നദ്ധ സംഘടനകളിലൂടേയോ പൗരസംഘടനകളിലൂടേയോ പ്രകടമാകുന്നു. ജീവനുള്ള രചനാത്മകമായ ഒരു ജനാധിപത്യത്തിന്ന് നട്ടെല്ലുള്ള ഉദ്യോഗസ്ഥൻമാരുടേയും സാമൂഹ്യ പ്രവർത്തകരുടേയും ധീരരായ മാധ്യമ പ്രവർത്തകരുടേയുമെല്ലാം സേവനം കൂടിയേ തീരൂ. ഹ്രസ്വ ദൃഷ്ടികളായ വോട്ടർമാരുടെ വികാരങ്ങളെ വിജയകരമായി ചൂഷണം ചെയ്യുന്ന, അധികാരാർത്തിപൂണ്ട രാഷ്ട്രീ

---

യിക്കപ്പെട്ട ആക്ഷേപങ്ങളെല്ലാം സത്യമാണെന്ന് തെളിഞ്ഞാലോ? സത്യം പറഞ്ഞതിന്ന് ആരും ശിക്ഷിക്കപ്പെടരുത്. മൂന്നാമത് “മിഡ് ഡേ” മാത്രമല്ല ഈ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്. ദൽഹിയിലെ പ്രഗത്ഭരായ ഒരുസംഘം അഭിഭാഷകർതന്നെ ഈ ആക്ഷേപങ്ങൾ പരസ്യമായി ഉന്നയിച്ചിരുന്നു. അവർക്കെതിരെ നടപടിയെടുക്കാതെ പത്രക്കാരുടെ കഴുത്തിൽ കയറിപ്പിടിച്ചത് എന്തുകൊണ്ടാകാം?

ഇന്ത്യയിലെ കോടതികൾ നീതിന്യായ നിർവ്വഹണത്തിന്ന് പ്രശസ്തമാണ്. ജഡ്ജിമാരിൽ എൺപത് ശതമാനവും അകളങ്കിതരാണെന്ന് പറഞ്ഞത് ഒരു മുൻ ചീഫ് ജസ്റ്റീസാണല്ലോ. എന്നാൽ ചിലരെങ്കിലും നിയമത്തിന്റെ ചട്ടക്കൂടിനു പുറത്തു കടന്ന് ഞായത്തെ ആധാരമാക്കുന്നുണ്ട്. നിയമകോടതി ന്യായകോടതിയാകുമ്പോൾ തകർന്നുപോകുന്നത് നീതിന്യായ നിർവ്വഹണത്തിന്റെ അടിത്തറയാണ്. ❑

യക്കാരേക്കാൾ മഹനീയമായ വീക്ഷാ ഗതിയുള്ളവരാണ് ഇവർ. സമൂഹത്തിൽ ഇവർ പ്രതിഷേധക്കാരായും കള്ളത്തര ങ്ങൾ ചൂണ്ടിക്കാണിക്കുന്നവരായുമെല്ലാം പ്രത്യക്ഷപ്പെടും.

ഗോധ്ര സംഭവത്തോടും തുടർന്നു നടന്ന ന്യൂനപക്ഷങ്ങൾക്കെതിരായ നീണ്ടു നിന്ന അതിക്രമങ്ങളോടും ഗുജറാത്ത് സമൂ ഹത്തിന്റെ വിവിധ വിഭാഗങ്ങൾ കാണിച്ച പ്രതികരണത്തെ മൂന്നായി തരം തിരിക്കാം. 2002 ലെ നീണ്ടുനിന്ന കലാപത്തെ നമുക്ക് ദ്രൗപതിയുടെ വസ്ത്രാക്ഷേപത്തോട് താര തമ്യപ്പെടുത്താം. പ്രജകളുടെ പരാതി കൾക്ക് പരിഹാരമുണ്ടാക്കാനും നീതി നട പ്പാക്കുന്നതിന്നും വിഭാവനം ചെയ്യപ്പെട്ടി രിക്കുന്ന അതേ കൗരവരാജസദസ്സിൽവച്ചു തന്നെ ദ്രൗപതി വസ്ത്രാക്ഷേപത്തിന്നിര യായി. ഗുജറാത്തിലാകട്ടെ, ഭരണഘടന യുടെ ഏറ്റവും പ്രിയ്പ്പെട്ട പുത്രിയായ നിയമവാഴ്ചയെന്ന ദേവത 2002 മുതൽ മാനഭംഗപ്പെട്ടുവരുന്നു; അതിപ്പോഴും തുട രുന്നു. നൂറുകണക്കിന്നു പൗരൻമാർ സായുധരായ ആക്രമികളുടെ അക്രമത്തി ന്നിരയായി. നീതിന്യായ സംവിധാനം ഈ അഗതികളുടെ നേരെ തികഞ്ഞ അലം ഭാവം കാണിച്ചുവരുന്നു.

സമൂഹത്തിന്റെ ക്രൂരമായ ഈ നിസ്സം ഗതക്കിടയിൽ ഒരു രജതരേഖയായി ഒരു പിടി ഉദ്യോഗസ്ഥൻമാരെ നമുക്കു കാണാൻ കഴിയും. അവരുടെ സേവനം മഹത്തരമായിരുന്നു. അവരെല്ലാം അധി കാരികളുടെ വേട്ടക്കിരയാകുകയുണ്ടായി. അവരിപ്പോഴും വേട്ടയാടപ്പെട്ടുകൊണ്ടിരി ക്കുന്നു. ഇവർക്കുപുറമെ, ചില പത്രങ്ങ ളും, പ്രത്യേകിച്ച് ഇംഗ്ലീഷ് പത്രങ്ങൾ, ധീര രായ ചില സാമൂഹ്യ പ്രവർത്തകരും അഭി ഭാഷകരും നീതിക്കുവേണ്ടി പോരാടി.

അതിന്നപ്പുറത്ത് ചില ഉദ്യോഗ സ്ഥൻമാരും പോലീസുകാരും പ്രൊഫഷ നലുകളും സ്വന്തം മനസ്സാക്ഷിയേയും കർത്തവ്യത്തേയും അവഗണിച്ചുകൊണ്ട് ദുര്യോധന-ദുശ്ശാസനൻമാരെപോലെ പെരുമാറി. തങ്ങൾ ചെയ്യുന്നത് മഹാപാ പമാണെന്നറിഞ്ഞുകൊണ്ടുതന്നെ അവർ അധികൃതർക്ക് കൂട്ടുനിന്നു.

ജനാമി ധർമ്മം
ന ച മേ പ്രവൃത്തി
ജനാമ്യ ധർമ്മം
ന ച മേ നിവൃത്തി

(എനിക്ക് ശരിയായതെന്തെന്നറിയാം; പക്ഷെ അതനുസരിച്ച് പ്രർത്തിക്കാനാ വുന്നില്ല; എനിക്ക് തെറ്റെന്തെന്നറിയാം; പക്ഷെ അതനുസരിച്ച് പ്രവർത്തിക്കാതി രിക്കാനാവുന്നില്ല.) കലാപത്തിന്നിരയാ യവർക്കെതിരെ പൊതു ജനാഭിപ്രായം കരുപിടിപ്പിക്കാനും അങ്ങനെ 2002 ലെ നിയമസഭാതിരഞ്ഞെടുപ്പിൽ ജയിക്കാൻ വഴിയൊരുക്കുന്നതിന്നും അധികാരികൾ നടത്തിയ കുതന്ത്രങ്ങൾക്ക് ഇവർ ഒത്താശ ചെയ്തുകൊടുത്തു.

ഈ രണ്ടു കൂട്ടർക്കും പുറമെ, മൂന്നാ മതൊരു കൂട്ടരും ഗുജറാത്തിലുണ്ട്. മഹാഭാരതത്തിലെ മഹാരഥികളായ ഭീഷ്മർ, ദ്രോണാചാര്യർ, കുലഗുരു കൃപാചാര്യർ, വിദുരർ എന്നിവരെ പ്പോലെ ഈ മഹാനുഭാവൻമാരും തങ്ങ ളുടെ സ്ഥാനമാനങ്ങൾ സംരക്ഷിക്കു ന്നതിന്നായി ദ്രൗപതിയുടെ വസ്ത്രാ ക്ഷേപത്തിന്ന് മൗനാനുവാദം നൽകി. കലാപത്തിന്നിരയായി സർവ്വസ്വവും നഷ്ടപ്പെട്ടവർ കാരുണ്യത്തിന്നുവേണ്ടി നടത്തുന്ന യാചനക്കെതിരെ ഇവർ മുഖം തിരിക്കുകയാണുണ്ടായത്.

2002 ലെ ഗുജറാത്ത് കലാപ ത്തിൽനിന്ന് അസാമാന്യമായ പലതും നമുക്കു പഠിക്കാൻ കഴിയും. ഗോധ്രാ തീവണ്ടി ദുരന്തത്തെത്തുടർന്ന് ഭൂരി പക്ഷ സമുദായക്കാർക്കിടയിൽ വർഗ്ഗീയ വിദ്വേഷം കുത്തിയിളക്കാൻ ആസൂ ത്രിത തന്ത്രം പ്രയോഗിച്ചു. നിയമസ ഭാതിരഞ്ഞെടുപ്പിലെ നേട്ടമായിരുന്നു ലക്ഷ്യം. ഭൂരിപക്ഷ സമുദായക്കാർക്കെ തിരെ അക്രമങ്ങൾ നടക്കുന്നതായി ഇവർ പറഞ്ഞു പരത്തി. ഹിന്ദുക്കളായ സ്ത്രീകളുടെ മുല അരിഞ്ഞുവെന്ന പ്രചരണം ഒരു ഉദാഹരണം.

കലാപമുണ്ടാകുമ്പോൾ സ്വീകരി ക്കേണ്ട നടപടികൾ വ്യക്തമായി രേഖ

പ്പെടുത്തിവച്ചിട്ടുണ്ട്. 1997 ൽ കെ.വി. ജോസഫ് ഡി.ജി.പി. യായിരിക്കെ ഇതു സംബന്ധിച്ച ഓർഡർ എല്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർ മാർക്കും അയച്ചിരുന്നു. കലാപമുണ്ടാകുമ്പോൾ അറസ്റ്റ് ചെയ്യപ്പെടേണ്ടവരുടെ ഒരു ലിസ്റ്റ് ഇതനുസരിച്ച് എല്ലാ പോലീസ് സ്റ്റേഷനിലും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗോധ്രാ സംഭവത്തെത്തുടർന്ന് കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഈ ലിസ്റ്റിലെ ഒരാളെപ്പോലും അറസ്റ്റ് ചെയ്തില്ല.

ഗോധ്രാ തീവണ്ടി ദുരന്തത്തിൽ മരിച്ചവരിൽ പലരും അഹമ്മദാബാദുകാരല്ലാതിരുന്നിട്ടും, ആ മൃതദേഹങ്ങളെല്ലാം അഹമ്മദാബാദിലെ സംഘർഷഭരിതമായ പ്രദേശങ്ങളിലൂടെ ഘോഷയാത്രയായി കൊണ്ടുപോകാൻ അനുവദിച്ചു. പല സംഘർഷമേഖലകളിലും നിശാനിയമം പ്രഖ്യാപിച്ചില്ല; പ്രഖ്യാപിച്ചേടത്തുപോലും അതു നടപ്പാക്കാൻ ശുഷ്കാന്തികാണിച്ചില്ല. ബെസ്റ്റ് ബേക്കറിക്ക് തീവെച്ചതും കൂട്ടക്കൊല നടത്തിയതുമെല്ലാം നിശാനിയമം പ്രഖ്യാപിച്ച സ്ഥലത്തായിരുന്നു.

കലാപമുണ്ടായാൽ അതിന്റെ വീഡിയോ ദൃശ്യങ്ങൾ എടുത്തു സൂക്ഷിക്കണമെന്ന നിയമമുണ്ടായിട്ടും ഗുജറാത്തിൽ അതുണ്ടായില്ല. അതേ സമയം പത്രക്കാരും ടെലിവിഷൻകാരും സുലഭമായി വീഡിയോ ദൃശ്യങ്ങൾ പകർത്തുകയും സംപ്രേഷണം നടത്തുകയും ചെയ്തു.

കലാപത്തിന്നരയായവരുടെ പരാതികൾ സ്വീകരിക്കാൻ പോലീസ് വിസമ്മതിച്ചു. പരാതി രജിസ്റ്റർ ചെയതില്ല; വല്ലതും രജിസ്റ്റർ ചെയതാൽ അത് നിസ്സാര കുറ്റത്തിന്റെ പേരിലാകും; കൊള്ളമുതൽ തിരഞ്ഞുപിടിക്കുന്നതിന്ന് പ്രതികളെ റിമാന്ഡിൽ വിട്ടുതരണമെന്ന് പോലീസ് ആവശ്യപ്പെടാറില്ല; പ്രതികളുടെ ജാമ്യാപേക്ഷകളെ പോലീസ് എതിർക്കാറുമില്ല. സർവ്വോപരി, കലാപകേസുകളുടെ നടത്തിപ്പിന്നുള്ള പ്രോസിക്യൂട്ടർമാരായി നിയമിക്കപ്പെട്ടവരിൽ പലരും ഹൈന്ദവ വർഗ്ഗീയ സംഘടനകളുടെ നേതാക്കളായിരുന്നു.

ബെസ്റ്റ് ബേക്കറികേസ് സുപ്രീം കോടതിയിലെത്തിയപ്പോൾ, കോടതി ഗുജറാത്തിലെ പോലീസിനേയും ഉദ്യോഗസ്ഥന്മാരേയും അതിനിശിതമായ ഭാഷയിൽ വിമർശിച്ചതും രണ്ടുകേസുകളിൽ പുനരന്വേഷണം നടത്താനും ഗുജറാത്തിന്നു പുറത്ത് കേസിന്റെ വിചാരണ നടത്താനും കല്പിച്ചതും ഇതുകൊണ്ടെല്ലാമായിരുന്നു.

ഗുജറാത്തിൽ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമായി ഏതാണ്ട് ആയിരത്തോളം പ്രദേശങ്ങളിൽ കലാപമുണ്ടായി; അവിടങ്ങളിലെ ന്യൂനപക്ഷക്കാരിൽ കൊല്ലപ്പെടാത്തവർ ജീവനുംകൊണ്ടോടി. 120,000 പേർ അഭയാർത്ഥി ക്യാമ്പുകളിൽ അഭയം തേടി. ഇപ്പോഴും 30,000 പേർ അഭയാർത്ഥി ക്യാമ്പുകളിൽ അവശേഷിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇവരെ എന്തുകൊണ്ട് അവരുടെ നാട്ടിലും വീട്ടിലും പുനരധിവസിപ്പിക്കാൻ കഴിയുന്നില്ലെന്ന് ഗുജറാത്തിലെ പൗരസമൂഹം ചിന്തിക്കണം. ഗവർമ്മേണ്ട് തടസ്സം നിൽക്കുന്നതുകൊണ്ടാണോ? പണമില്ലാത്തതുകൊണ്ടാണോ? അതോ രാഷ്ട്രീയ ഇഛാശക്തിയുടെ അഭാവം കൊണ്ടാണോ?

കലാപബാധിതർക്ക് സുരക്ഷിതത്വത്തിന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്; അവരുടെ തൊഴിലുകൾ വീണ്ടെടുത്തു കൊടുക്കേണ്ടതുണ്ട്; അവരുടെ കൊള്ള ചെയ്യപ്പെട്ട സാധനങ്ങൾ തിരിച്ചുനൽകേണ്ടതുണ്ട്; വിധവകൾക്കും അനാഥർക്കും സംരക്ഷണം നൽകേണ്ടതുണ്ട്. തല്ലിത്തകർത്ത ആരാധനാലയങ്ങളും സ്മാരകമന്ദിരങ്ങളും പുനർനിർമ്മാണം നടത്തേണ്ടതുമുണ്ട്.

(ഗുജറാത്ത് പോലീസിൽനിന്ന് 2007 ഫെബ്രുവരിയിൽ റിട്ടയർചെയ്ത അഡീഷണൽ ഡി.ജി.പി. ആർ.ബി. ശ്രീകുമാർ അഹമ്മദാബാദിലെ നിഷാൻ-ഇ-സംവിധാനിൽ നടത്തിയ പ്രഭാഷണത്തിൽനിന്ന്) ❑

കവർസ്റ്റോറി

# സൃഷ്ടിക്കുന്നതായാൽ മരണത്തേയും ജയിക്കാം

**– എം.പി. സുരേന്ദ്രൻ –**

**അ**റുപതുകളുടെ അവസാനം കേസരി ബാലകൃഷ്ണപിള്ളയെക്കുറിച്ചുള്ള ലേഖനത്തിൽ വിജയൻമാഷ് ഇങ്ങനെ എഴുതുകയുണ്ടായി. ''ലോകം എന്നും ഇങ്ങനെയായിരുന്നു എന്ന ആർഷചിന്തയുടെ സ്ഥാനത്ത് ലോകം ഒരിക്കലും ഇങ്ങനെയായിരുന്നില്ല എന്ന വിപ്ലവകരമായ അറിവും ഉടലെടുത്തു. ഇതോടൊപ്പം മനുഷ്യന്റെ തലയിലെഴുത്ത് മാറ്റാവുന്നതാണെന്നും, ജീവിത പുരോഗതിക്ക് പ്ലാനിംഗ് സാധ്യമാണെന്നും വന്നതോടെ പത്തൊൻപതാം ശതകത്തിന്റെ ആരംഭത്തോടു കൂടിത്തന്നെ ഫ്രാൻസിൽ എവിടെയോവെച്ച് വിധി കൊല്ലപ്പെടുകയും ചെയ്തു.'' (ചിതയിലെ വെളിച്ചം)

ഒരാളും ഓർമ്മിപ്പിക്കാത്തവിധം ചരിത്രത്തേയും സാമൂഹ്യജീവിതത്തേയും, സംസ്ക്കാരത്തിന്റേയും വിശകലനശാസ്ത്രത്തിന്റേയും പിൻബലത്തോടെ, മുന്നറിവുകൾ നൽകുന്നതിലാണ് എം. എൻ. വിജയൻ മുഴുകിയതെന്ന് നാല്പതുകൊല്ലംമുമ്പ് എഴുതിയ ഈ വരികൾപോലും സാക്ഷ്യം വെയ്ക്കുന്നു.

എഴുത്തിലും പ്രഭാഷണത്തിലും ദർശനത്തിലും ജീവിതത്തിന്റെയും ആത്മവത്തയുടേയും സുതാര്യത ഉയർത്തിപ്പിടിക്കുക അത്ര എളുപ്പമല്ല. ഈ മനുഷ്യനിൽ അതു കാണാനാവും. അധ്യാപകനായും കാരുണികനായും, പ്രഭാഷകനായും, പ്രക്ഷോഭകനായും, സൈദ്ധാന്തികനായുമുള്ള ആ ജീവിതം, അരുവിയെപ്പോലെ തെളിഞ്ഞതും അടിത്തട്ടിലെ കല്ലും മണ്ണും കാട്ടിത്തരുന്നതുമായിരുന്നു.

കേരളത്തിന്റെ പൊതു സമൂഹം മുമ്പെങ്ങും അനുഭവിക്കാത്ത പലതരം പ്രതിസന്ധികളാൽ നട്ടംതിരിയുന്ന ഇക്കാലത്ത് വിജയൻമാഷിന്റെ വാക്കുകൾ ഉറച്ച ജനവിശ്വാസത്താലും സ്വാർത്ഥരഹിതമായ സത്യസന്ധതയാലും പുഷ്ടിപ്പെട്ടതായിരുന്നു. പരിസ്ഥിതിയും, ദളിത് വാദവും, വിമോചനവും, അധികാര കേന്ദ്രീകരണവും, സാമൂഹ്യ പീഡനങ്ങളും പല വിധത്തിൽ, കേരളീയ ജീവിതത്തെ സ്വാസ്ഥ്യരഹിതമാക്കിയിട്ടുണ്ട്. കേരളത്തിന്റെ ഇടതുപക്ഷ നിലപാടുപോലും ഇപ്പോൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് മാഫിയയുടെ കപ്പുകളിൽനിന്ന് വിലക്കപ്പെട്ട പാനീയം കുടിച്ചുകൊണ്ടാണ്. അമേരിക്ക ലോകത്തെ ലാദന്റെ ഒളിത്താവളമായാണ് കാണുന്നതെന്നു പറഞ്ഞ അതേ നാവുതന്നെ, നമ്മുടെ മുറ്റത്തും അമേരിക്കയുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ആഗോളീകരണം വിഴുങ്ങിയ, രാഷ്ട്രീയ നേതൃത്വത്തേയും, ജീവിതസ്ഥലങ്ങളെ മറക്കുന്ന, സ്ഥാപിതതാല്പര്യങ്ങളേയും കൊമ്പുകുത്തിക്കാനുള്ള ഒരു പോരാട്ടമായി അതുമാറി. ഈ ഘട്ടത്തിൽ വിജയൻമാഷ് നവകേരളത്തിന്റെ പുതിയൊരു ജീവിതക്രമം സ്വപ്നം കാണുന്ന കാരുണികനായ മനുഷ്യനും, ദയാരഹിതനായ വിമർശകനുമായിമാറി. കേരളത്തിൽ രൂപപ്പെട്ടുവരുന്ന അരാഷ്ട്രീയമായ കാലാവസ്ഥയ്ക്ക് മുന്നറിയിപ്പുകൾനൽകി അദ്ദേഹം. പെൺവാണിഭങ്ങൾ, പണം ഒഴുകിവരുന്ന പുതിയ കൂട്ടായ്മകൾ, വർഗീയതയുടെ അനിഷേധ്യ സ്ഥാപനവൽക്കരണം. ഉദാരീകരണത്തിന്റെ കാണാത്ത വേഷങ്ങൾ എന്നിവയൊക്കെ ഈ വിശകലന

ത്തിന്റെ ഭാഗമായി ഉയർന്നുവന്നു. സമരം അവസാനിച്ചിട്ടില്ലെന്നും സമരം പാർട്ടിക്കകത്തോ, പടിയ്ക്കു പുറത്തോ നടത്താമെന്നും മാഷ് ഓർമ്മിപ്പിച്ചു. ഇത്തരം സമരം ജനകീയപ്രശ്നവും വർഗപ്രശ്നവുമാണെന്ന് അദ്ദേഹം എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു.

ഇത്തരത്തിൽ മാഷെ രൂപപ്പെടുത്തിയതിൽ കാലത്തിനും വലിയൊരു പങ്കുണ്ടെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. (ചരിത്രവും സാമൂഹ്യതലങ്ങളും, ജീവിതാനുഭവങ്ങളും കാലത്തിന്റെ എണ്ണച്ചക്കിൽ തിരിഞ്ഞുകയറുമ്പോൾ തെളിഞ്ഞുവരുന്ന ഊറിയ എണ്ണയാണ് ദർശനം)

തലശ്ശേരി ബ്രണ്ണൻ കോളേജിലെ എം.എൻ. വിജയൻ അധ്യാപകനും നിരൂപകനുമായിരുന്നു. അധ്യാപകനായിരിക്കെ അദ്ദേഹം മൗലികതയുള്ള നിരൂപകനായിരുന്നു. നിരൂപകനായിരിക്കെ മാഷ് ക്ലാസ്മുറികളിൽനിന്ന് കുട്ടികളെ ലോകസംസ്ക്കാരത്തിലേക്ക് നടത്തിക്കൊണ്ടുപോയ അധ്യാപകനുമായിരുന്നു. ഈ ഘട്ടത്തിൽ കേരളത്തിൽ ഇടതുപക്ഷ തീവ്രവാദവും, അടിയന്തിരാവസ്ഥയും ചുട്ടുപൊള്ളിച്ചെങ്കിലും, മാഷ് എഴുത്തിന്റെ ഏറ്റവും പച്ചപ്പുള്ള പുൽമേടുകളിൽ മേഞ്ഞുനടന്നു.

ജീവിതത്തിന്റെ മറ്റൊരു ഘട്ടം തുടങ്ങുന്നത് അധ്യാപനത്തിനുശേഷമുള്ള ഒരു ഘട്ടത്തിലാണ്. സഹയാത്രികൻ പാർട്ടിയുടെ സൈദ്ധാന്തികനായിമാറിയ ഇടവേളകളിൽ, കൂത്തുപറമ്പ് വെടിവെപ്പിലും, സാമ്പത്തിക ഉദാരീകരണത്തിലും പ്രത്യേകമായ നിലപാടിന്റെ രൂപപ്പെടൽ ഒരു വിഭാഗം സാംസ്ക്കാരിക പ്രവർത്തകരുടെ അപ്രിയത്വത്തിന് വഴിതെളിച്ചു. എങ്കിലും മാനവീയത്തേയും ജനകീയാസൂത്രണത്തേയും പരിഷത്തിന്റെ വൈരുദ്ധ്യങ്ങളേയും നിശിതമായ സൂചികൾകൊണ്ട് മാഷ് കുത്തിവേദനിപ്പിച്ചു. നേതൃത്വം പുളയുന്ന വിധത്തിൽ.

പാർട്ടിയുടെ നയവ്യതിയാനങ്ങളെ എതിർക്കാൻ തുടങ്ങിയ ഘട്ടംമുതൽ പാർട്ടിയിൽ രൂപപ്പെട്ട ചേരികളും അധികാരനിർണ്ണയം നടത്തി. വിഭാഗീയത അതിന്റെ സർവ്വ മൂടുപടങ്ങളും ഉപേക്ഷിച്ചു. വിജയൻമാഷ് ഒരു വിഭാഗത്തിന്റെ കൊല്ലുന്ന മന്ത്രിയെന്ന് മറുവിഭാഗത്തിന് തോന്നിത്തുടങ്ങി. പുരോഗമന കലാസാഹിത്യ സംഘത്തിന്റെയും ദേശാഭിമാനിയുടേയും മുറ്റത്തുനിന്ന് മാഷ് ഇറങ്ങി. അപ്പോൾ 'പാഠം' കുറെക്കൂടി ആശയദാർഢ്യത്തോടെ ഒപ്പംനിന്നു.

ഇതിനിടയിൽ ഇടതുപക്ഷ രാഷ്ട്രീയത്തിലെ രോഗങ്ങൾ ഒന്നൊന്നായി പുറത്തുവന്നു കഴിഞ്ഞിരുന്നു. അതോടെ നീതിശാസ്ത്രത്തിന്റേയും, സാമൂഹ്യ സത്യസന്ധതയുടേയും രാഷ്ട്രീയവും നാടുനീങ്ങാൻ തുടങ്ങി. ഈ ഘട്ടത്തിലാണ് എം.എൻ. വിജയൻ കുറെക്കൂടി ജാഗ്രതയോടെ, കേരളത്തിന്റെ പൊതുജീവിതത്തിന്റെ ധിഷണാതീക്ഷ്ണമായ നാവും മന:സാക്ഷിയുമാവുന്നത്. ഈ അധിനിവേശ വിരുദ്ധകാലത്ത് മാഷ് നടത്തിയ ഓരോ നിരീക്ഷണവും പുതിയൊരു രാഷ്ട്രീയ പ്രവർത്തനത്തിന്റെ അജണ്ടയായിമാറി. ആരും കൂട്ടിനില്ലാത്ത, എല്ലാവരാലും ഒറ്റുകൊടുക്കപ്പെട്ട സമൂഹത്തിലെ, ചെറിയചെറിയ ജീവിതത്തുരുത്തുകളുടെ രക്ഷാമന്ത്രമായി ആ വാക്കുകളും ദർശനവും പരുവപ്പെട്ടു.

എന്തുകൊണ്ട് ഉണർന്നിരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് വിജയൻമാഷ് മടങ്ങുന്നത്. നടന്നുപോകുമ്പോൾ, പ്രിയപ്പെട്ടവരെ തിരിഞ്ഞുനോക്കുന്നതുപോലെ വാക്കുകൾ പകുതി വെച്ചാണ് അദ്ദേഹം പിന്നിലേക്ക് ചാഞ്ഞത്.

ഭാഷ രാഷ്ട്രീയമായ ആയുധമാണെന്നും, ആശയം സമരമാണെന്നും മാഷ് അവസാന നിമിഷവും ഓർമ്മിപ്പിച്ചു. സാമൂഹ്യജീവിതത്തിന്റെ പോഷ

# നിയമത്തിന്റെ ഭാഗത്തുനിന്ന ഒരു ഉദ്യോഗസ്ഥൻ

**ഏ**തു കൂരിരുട്ടിലും മനുഷ്യർക്കാശ്വാസമേകുന്ന ചില മിന്നാമിനുങ്ങുകൾ ഉണ്ടാകും. ഗുജറാത്തിൽ നരേന്ദ്രമോഡി നടത്തിവരുന്ന ഹിരണ്യവാഴ്ചയിലും ഇത്തരം ചില മിന്നാമിനുങ്ങുകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. അതിലൊരാളായിരുന്നു രഹസ്യാന്വേഷണ വിഭാഗത്തിന്റെ മേധാവിയായിരുന്ന അഡീഷണൽ ഡി.ജി.പി. ആർ.ബി. ശ്രീകുമാർ.

ഗോധ്ര ദുരന്തത്തെത്തുടർന്ന് 2002 ഫെബ്രുവരി 28നും തുടർന്നുള്ള ദിവസങ്ങളിലും ഗുജറാത്തിൽ സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടന്ന നരവേട്ടയുടെ യഥാർത്ഥ സ്വഭാവം പുറത്തുവിട്ടത് ഇദ്ദേഹമാണ്. ഗുജറാത്ത് കലാപത്തെക്കുറിച്ച് അന്വേഷിക്കുന്ന നാനാവതി-ഷാ കമ്മീഷൻ മുമ്പാകെ ഇദ്ദേഹം സമർപ്പിച്ച നാലു സത്യവാങ്മൂലങ്ങൾ, ഈ കലാപത്തിൽ മുഖ്യമന്ത്രി മോഡിക്കും മറ്റുമുള്ള പങ്ക് വ്യക്തമാക്കുന്നു.

മുഖ്യമന്ത്രിമുതൽക്കുള്ള രാഷ്ട്രീയക്കാരും ചീഫ് സെക്രട്ടറിമുതൽക്കുള്ള ഉദ്യോഗസ്ഥൻമാരും പോലീസ് ഡയറക്ടർ ജനറൽ മുതൽക്കുള്ള പോലീസുകാരും നരവേട്ടക്ക് കൂട്ടുനിൽക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തപ്പോൾ ഒരു പിടി പോലീസുകാർ നിയമത്തിന്റ ഭാഗത്ത് ഉറച്ചുനിന്നു. ഇവരെയെല്ലാം ഗവർമ്മേണ്ട് പിന്നീട് ശിക്ഷിച്ചുവെന്നത് വേറൊരു കഥ. ധീര



ആർ.ബി. ശ്രീകുമാർ
(മുൻ അഡീഷനൽ ഡി.ജി.പി)

രായ ഈ ഉദ്യോഗസ്ഥന്മാരിൽ പ്രധാനിയായിരുന്നു അഡീഷണൽ ഡി.ജി.പി. യായ ശ്രീകുമാർ.

2002 മാർച്ചിൽ ഗുജറാത്തിലെ കലാപമാരംഭിച്ചശേഷമുള്ള സമ്മർദ്ദങ്ങൾ സഹിക്കവയ്യാതായപ്പോൾ ശ്രീകുമാർ അതു സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കാൻ തുടങ്ങി. 2002 ഏപ്രിൽ 16 മുതൽക്കുള്ള കാര്യങ്ങളാണ് ഈ രജിസ്റ്ററിലുള്ളത്. 2002 സെപ്തംബർ 19ന്ന് ശ്രീകുമാറിനെ രഹസ്യാന്വേഷണ വിഭാഗത്തിൽനിന്ന് സ്ഥലം മാറ്റുന്നതു വരെയുള്ള കാര്യങ്ങൾ ഈ രജിസ്റ്ററി ⇨

---

കമൂല്യത്തിനുവേണ്ടി പറയുമ്പോൾ ധീരമായി പറയണമെന്നും അദ്ദേഹം നിഷ്ക്കർഷിച്ചു.

എഴുത്തിൽ ഒരു നൈതികമനസ്സ് കാത്തതുപോലെ രാഷ്ട്രീയ പ്രവർത്തനത്തിൽ ധീരതയുടേയും സൈഥര്യത്തിന്റേയും പുതിയൊരു ചരിത്രപാഠവും മാഷ് എഴുതിച്ചേർത്തു.

മാഷ് പണ്ട് ഓർമ്മിപ്പിച്ചതുപോലെ, ഏറ്റവും ഭയാനകമായ വസ്തു ശൂന്യതയാണ്. അത് ഇപ്പോൾ നമ്മൾ തിരിച്ചറിയുന്നുണ്ട്. ❑

ലുണ്ട്. ഗുജറാത്ത് കലാപത്തെക്കുറിച്ച ന്വേഷിക്കുന്ന നാനാവതി–ഷാ കമ്മീഷന്ന് ശ്രീകുമാർ ഈ രജിസ്റ്റർ പരിശോധനക്ക് നൽകിയതോടെ അതൊരു പരസ്യ രേഖയായി. ഈ രേഖ നൽകുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു.-

2002 ഏപ്രിൽ 16 ന്ന് മുഖ്യമന്ത്രി മോഡി ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. ഡി.ജി.പി. കെ ചക്രവർത്തിയും അഡീഷണൽ ഡി.ജി.പി. ശ്രീകുമാറും അതിൽ പങ്കെടുത്തിരുന്നു. അഹമ്മദാബാദിൽ കലാപം ശമിക്കാത്തതിന്റെ പിന്നിൽ കോൺഗ്രസ്സാണെന്ന് മുഖ്യമന്ത്രി മോഡി പറഞ്ഞു. തങ്ങൾക്കതു സംബന്ധിച്ച് വിവരമൊന്നുമില്ലെന്ന് രഹസ്യാന്വേഷണ മേധാവിയായ ശ്രീകുമാർ മറുപടി നൽകി. എന്നാലും പി.സി.സി. പ്രസിഡണ്ട് വഗേലയുടെ ഫോൺ സ്ഥിരമായി ചോർത്തണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അത് നിയമവിരുദ്ധമാണെന്ന് ശ്രീകുമാർ മറുപടി നൽകി.

ഏപ്രിൽ 22 ന്ന് ചീഫ് സെക്രട്ടറി ജി. സുബ്ബറാവു സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ ഒരു യോഗം വിളിച്ചുകൂട്ടി. മുസ്ലീമുകളെ ആക്രമിച്ചതു സംബന്ധിച്ച് പരാതിപെട്ടിട്ടും FIR രജിസ്റ്റർ ചെയ്യാൻ പോലീസ് വിസമ്മതിച്ചതായി പരാതിയുള്ള കാര്യം ശ്രീകുമാർ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അതു സർക്കാർ നയമാണെന്നായിരുന്നു മറുപടി.

ഏപ്രിൽ 30 ന്ന് ശ്രീകുമാറിന്ന് ഡി.ജി.പി. യിൽനിന്ന് ഒരു നിർദ്ദേശം കിട്ടി XII -ാം ക്ലാസ് പരീക്ഷ ബഹിഷ്കരിക്കാനും തടസ്സപ്പെടുത്താനും കോൺഗ്രസ് നേതാക്കൾ മുസ്ലീമുകളെ പ്രേരിപ്പിക്കുന്നുവെന്നും അതിന്നെതിരെ നടപടിയെടുക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടതായി ഡി.ജി.പി. പറഞ്ഞു. ആരുടേയെങ്കിലും വ്യക്തമായ പരാതിയില്ലാതെ നടപടിയെടുക്കാനാവില്ലെന്ന് ശ്രീകുമാർ മറുപടി നൽകി.

സമാധാന ധ്വംസനമുണ്ടാക്കുന്ന "മുസ്ലീംതീവ്രവാദി"കളുടെ കഥകഴിക്കാൻ മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും പ്ലാനിട്ടിട്ടുണ്ടെന്ന് മേയ് ഒന്നാം തിയ്യതി ശ്രീകുമാറിനോട് ഡി.ജി.പി. പറഞ്ഞു. അത് ശുദ്ധ കൊലപാതകമാകുമെന്ന് ശ്രീകുമാർ താക്കീത് നൽകി.

ഗുജറാത്തിലെ കലാപം തുടരുന്നതിനാൽ മുഖ്യമന്ത്രി മോഡിയുടെ ഉപദേഷ്ടാവായി പഞ്ചാബിലെ മുൻ ഡി.ജി.പി. കെ.പി.എസ്. ഗില്ലിനെ കേന്ദ്ര ഗവർമ്മേണ്ട് നിയോഗിച്ചിരുന്നു. മേയ് 2 ന്നു സ്ഥാനമേറ്റ ഗിൽ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി. ഇതിൽ ക്രമസമാധാനത്തിന്റെ ചുമതലയുള്ള അഡീഷണൽ ഡി.ജി.പി. മണിറാം സ്ഥിതിഗതികൾ വിശദീകരിച്ചു. പോലീസിന്റെ മനോവീര്യം നശിച്ചിരിക്കുന്നുവെന്നും, വിവിധ തലങ്ങളിലുള്ള നേതൃത്വം മാറ്റണമെന്നും, പോലീസുദ്യോഗസ്ഥൻമാർ രാഷ്ട്രീയക്കാരുടെ വാലാട്ടികളായിട്ടുണ്ടെന്നും മണിറാം പറഞ്ഞു. മണിറാമിന്റെ നിരീക്ഷണങ്ങളെ ശ്രീകുമാർ പിന്താങ്ങി. അഞ്ചുകൊല്ലത്തെ ബി.ജെ.പി. ഭരണത്തിന്നിടയിൽ പോലീസിനെ കാവിപ്പടയാക്കി മാറ്റിയിട്ടുണ്ടെന്നും, പോലീസ് സംവിധാനമാകെ അട്ടിമറിക്കപ്പെട്ടിരിക്കുകയാണെന്നും ശ്രീകുമാർ പറഞ്ഞു. പക്ഷെ ഗില്ലിന്റെ ഭാഗത്തുനിന്നും ഒരു പ്രതികരണവുമുണ്ടായില്ല. "മോഡിയുടെ അജണ്ട നടപ്പാക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രി അദ്വാനി നിയോഗിച്ച ആളാണ് ഗില്ലെന്നു തോന്നുന്നു" എന്നാണ് ഇതിനെപ്പറ്റി ശ്രീകുമാർ തന്റെ രജിസ്റ്ററിൽ കുറിച്ചിട്ടിരിക്കുന്നത്.

മേയ് 7ന്ന് മുഖ്യമന്ത്രി മോഡി ശ്രീകുമാറിനെ വിളിച്ചുവരുത്തി സ്ഥിതിഗതികളെപ്പറ്റി ചോദിച്ചു. ശ്രീകുമാർ

യഥാർത്ഥ സ്ഥിതിഗതികൾ വിശദീകരിച്ചു. അതൊക്കെ തെറ്റാണെന്നും, മുസ്ലീമുകളുടെ അക്രമങ്ങളുടെ കാര്യത്തിലാണ് പോലീസ് ശ്രദ്ധിക്കേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. മുസ്ലീമുകളല്ല, ഹൈന്ദവ സംഘടനകളിൽ പെട്ടവരാണ് അക്രമങ്ങൾ കാണിച്ചുവരുന്നതെന്ന് ശ്രീകുമാർ സ്ഥിതിവിവരകണക്കുകളുടെ സഹായത്തോടെ സ്ഥാപിച്ചു. പക്ഷെ ഫലമൊന്നുമുണ്ടായില്ല.

അടുത്ത ദിവസംതന്നെ (മേയ് 8) ശ്രീകുമാറിനെ ഡി.ജി.പി. വിളിച്ചു. ഗില്ലുമായി നടന്ന ഒരു കൂടിക്കാഴ്ചയിൽ ഗിൽ നൽകിയ നിർദ്ദേശങ്ങൾ അദ്ദേഹം ശ്രീകുമാറിനെ അറിയിച്ചു.

(1). രാഷ്ട്രീയക്കാരെ നന്നാക്കാൻ പോലീസ് ശ്രമിക്കരുത്. അതായത് ബി.ജെ.പി.-ആർ.എസ്.എസ്. നടപടികളിൽ ഇടപെടേണ്ട. (2) ഭാഷാപത്രങ്ങൾക്കെതിരെ നടപടി വേണ്ട; അതായത് മുസ്ലീമുകൾക്കെതിരെ വിഷം വമിക്കുന്ന ഗുജറാത്തി പത്രങ്ങൾക്കെതിരെ നടപടിയെടുക്കേണ്ട. (3) ദുരിതാശ്വാസ ക്യാമ്പിലുള്ളവരെ വേഗം പുറത്താക്കണം. അഭയാർത്ഥി ക്യാമ്പുകളിൽ ഇടപെടാൻ പോലീസിന്നധികാരമില്ലെന്ന ശ്രീകുമാറിന്റെ നിലപാടിനോട് ഡി.ജി.പി. യോജിച്ചു.

മുഖ്യമന്ത്രി മോഡി ഗുജറാത്തിലൊരു "ഗൗരവയാത്ര" നടത്തുകയുണ്ടായി. ന്യൂനപക്ഷങ്ങൾക്കെതിരെ വിഷംവമിക്കുന്ന പ്രസംഗ പര്യടനമായിരുന്നു അത്. 2002 സെപ്തംബർ 10 ന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഗുജറാത്ത് ഗവർമ്മേണ്ടിന്ന് ഒരു സന്ദേശമയച്ചു. സെപ്തംബർ 9ന്ന് മുഖ്യമന്ത്രി ബച്ചരജി എന്ന സ്ഥലത്ത് നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം ഉടനെ അയക്കാൻ ആവശ്യപ്പെട്ടുള്ളതായിരുന്നു അത്. ആഭ്യന്തരവകുപ്പ് ഇത് അയക്കുന്നത് തടയാൻ ശ്രമിച്ചു. അതനുസരിച്ച് ഡി.ജി.പി. ക്ക് നിർദ്ദേശവും നൽകി. എന്നാൽ നിയമം ലംഘിക്കാൻ ശ്രീകുമാർ വിസമ്മതിച്ചു. നിയമാനുസൃതം മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപം അദ്ദേഹം കമ്മീഷന്ന് അയച്ചു കൊടുത്തു.

മോഡിയെ സംബന്ധിച്ചിടത്തോളം ഇത് അവസാനത്തെ വൈക്കോൽ തുരുമ്പായിരുന്നു. സെപ്തംബർ 16ന്ന് ശ്രീകുമാറിനെ രഹസ്യാന്വേഷണ വിഭാഗത്തിൽനിന്ന് മാറ്റുകയും പോലീസ് പരിഷ്കരണത്തിന്റെ ചുമതലയുള്ള അഡീഷണൽ ഡി.ജി.പി. യായി നിയമിക്കുകയും ചെയ്തു.

മോഡിയുമായുള്ള നേരിട്ടുള്ള ഏറ്റുമുട്ടൽ ഇവിടെ അവസാനിക്കുന്നു; എന്നാൽ മോഡിയുടെ നിയമധ്വംസനങ്ങളുമായുള്ള ഏറ്റുമുട്ടൽ ശ്രികുമാർ തുടരുകതന്നെ ചെയ്തു. ഗുജറാത്ത് കലാപത്തെക്കുറിച്ച് അന്വേഷിക്കുന്ന നാനാവതി-ഷാ കമ്മിഷൻ മുമ്പാകെ(1) 2002 ജൂലായ് 6, (2). 2004 ഒക്ടോബർ 6, (3) 2005 ഏപ്രിൽ9,(4).2005 ഒക്ടോബർ 27 എന്നീ തിയതികളിലായി നാലു സത്യവാങ്മൂലങ്ങൾ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. 2002ലെ ഗുജറാത്തിലെ നരവേട്ട ആര്, എങ്ങനെ സംഘടിപ്പിച്ചുവെന്നതിന്റെ വിശദവിവരങ്ങൾ നൽകുന്നതാണ് ഈ സത്യവാങ് മൂലങ്ങൾ.

2005 ആദ്യത്തിൽ ഡി.ജി.പി. ചക്രവർത്തി റിട്ടയർ ചെയ്തു. അഡീഷനൽ ഡി.ജി.പി. യായ ശ്രീകുമാറിനെ ഡി.ജി.പി. യായി പ്രമോട്ട് ചെയ്യുന്നതിന്നു പകരം ഗവർമ്മേണ്ട് ശ്രീകുമാറിനെ ഒഴിവാക്കി മറ്റൊരാളെ ഡി.ജി.പി. യാക്കി. ഇതിന്നെതിരെ ശ്രീകുമാർ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാതി നൽകിയെങ്കിലും അതിൽ തീരുമാനമുണ്ടാകാൻ രണ്ടുകൊല്ലം വേണ്ടിവന്നു. ശ്രീകുമാർ റിട്ടയർ ചെയ്ത 2007 ഫെബ്രുവരി 28 ന്നാണ് ശ്രീകുമാറിന്നനുകൂലമായ വിധിയുണ്ടായത്. (ഗവർമ്മേണ്ട് ഈ വിധിക്കെതിരെ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്) ❑

# ആളും തരവും നോക്കിയുള്ള നിയമപാലനം

ഗുജറാത്തിലെ പോലീസിനെ സംബന്ധിച്ചിടത്തോളം കുറ്റകൃത്യമല്ല പ്രധാനം; കുറ്റം ചെയ്തത് ആരാണെന്നതാണ് പ്രധാനം. 2002 ഫെബ്രവരി-മാർച്ച് മാസങ്ങളിൽ ഗുജറാത്തിൽ രണ്ടു ദുരന്തങ്ങളുണ്ടായി. ഇവയുടെ നേരെ പോലീസ് അനുവർത്തിച്ച സമീപനങ്ങൾ പരസ്പര വിരുദ്ധമായതായിരുന്നു.

2002 ഫെബ്രുവരി 27 ന്നു രാവിലെ ഗോധ്ര റെയിൽവേ സ്റ്റേഷനിൽവച്ച് സബർമതി എക്സ്പ്രസ്സിന്നുണ്ടായ അഗ്നിബാധയാണ് ഒരു ദുരന്തം. ഇതു സംബന്ധിച്ച് പോലീസ് ചാർജ് ചെയ്ത കേസിൽ 135 പ്രതികളുണ്ട്. ഇവരിൽ 22 പേർ ഒളിവിലാണെന്ന് പോലീസ് പറയുന്നു. അറസ്റ്റ് ചെയ്യപ്പെട്ട 113 പേരിൽ 12 പേരെ ഒരു തെളിവുമില്ലെന്നുകണ്ട് കോടതിതന്നെ കേസിൽ നിന്നൊഴിവാക്കി; ഒരാൾ ജയിലിൽ കിടന്നു മരിച്ചു. 16 പേർക്ക് കോടതി ജാമ്യം അനുവദിച്ചു. ബാക്കി 84 പേർ ഇപ്പോഴും ജയിലിലാണ്. ഇവർക്ക് ജാമ്യം അനുവദിക്കുന്നില്ല.

ഗോധ്ര തീവണ്ടി ദുരന്തത്തെത്തുടർന്ന് ഗുജറാത്തിലുണ്ടായ കൂട്ടക്കൊല സംബന്ധിച്ച കേസുകളിൽ ഒട്ടേറെ പ്രതികളുണ്ട്. ഇവരെല്ലാം ജാമ്യത്തിലിറങ്ങി സൈ്വരവിഹാരം നടത്തുന്നു. ഗോധ്ര കേസിലെ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്നതിനെ എതിർത്തുവരുന്ന പോലീസ് നരവേട്ട സംബന്ധിച്ച കേസുകളിലെ പ്രതികളുടെ ജാമ്യാപേക്ഷകളെ എതിർത്തില്ല.

തീവണ്ടി തീവെപ്പു കേസിലെ പ്രതികളിലൊരാൾ സിക്കന്തർ എന്നൊരു മൗലവിയാണ്. പോലീസിന്റെ കുറ്റപത്രപ്രകാരം തീവെക്കാൻ ഗൂഢാലോചന നടത്തിയ സംഘത്തിലെ ഒരംഗമാണ് ഇയാൾ. പക്ഷെ അന്നിദ്ദേഹം ഗോധ്രയിലെന്നല്ല, ഗുജറാത്തിൽ തന്നെ ഉണ്ടായിരുന്നില്ല. അന്നദ്ദേഹം മഹാരാഷ്ട്രത്തിലായിരുന്നുവെന്നതിന്നു തെളിവുകളുണ്ട്.

തീവെപ്പു സംബന്ധമായി അറസ്റ്റ് ചെയ്യപ്പെട്ടവരിൽ അഞ്ചുപേർക്കെതിരായ കേസിന്നാധാരം ദശരീയ എന്നൊരാളുടെ മൊഴിയാണ്. പക്ഷെ ഈ ദശരീയ ഒരധ്യാപകനാണ്. ഗോധ്രയിൽനിന്ന് 25 കിലോമീറ്റർ ദൂരെയുള്ള സ്കൂളിലാണ് അദ്ദേഹം ജോലി ചെയ്യുന്നത്. അന്നദ്ദേഹം സ്കൂളിൽ ഹാജരുണ്ടായിരുന്നുവെന്നതിന്ന് തെളിവുണ്ട്. മാത്രമല്ല, ഗോധ്ര സംഭവത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ മുമ്പാകെ ദശരീയയെ വിസ്തരിക്കുകയുണ്ടായി. താൻ അന്ന് ഗോധ്രയിലുണ്ടായിരുന്നില്ലെന്ന് അദ്ദേഹം കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്.

എന്നാൽ തീവെപ്പുകേസിലെ പ്രതികളിൽ ഏറ്റവും ശ്രദ്ധേയൻ മൊഹമ്മദ്മണ്ടുവാണ്. 54-ാം പ്രതിയാണിദ്ദേഹം. തീവണ്ടിയുടെ നേരെ ആക്രമണം നടത്തിയ ജനക്കൂട്ടത്തിൽ മണ്ടു ഉണ്ടായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. പക്ഷെ ഇദ്ദേഹം ഒരന്ധനാണെന്നത് പോലീസിന്റെ കഥയുടെ അടിത്തറ തകർക്കുന്നു. ഗോധ്ര സംഭവത്തിന്ന് അഞ്ചുകൊല്ലം മുമ്പ്, 1997ൽതന്നെ, ഇദ്ദേഹത്തിന്ന് ജില്ലാ ആസ്പത്രിയിൽനിന്ന് അന്ധതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; അന്ധൻമാർക്കുള്ള പെൻഷനും ഇദ്ദേഹത്തിന്ന് ലഭിക്കുന്നുണ്ട്. പോലീസിന്ന് അതൊരു പ്രശ്നമല്ല. അവർ മറ്റൊരു ഡോക്ടറെ കണ്ട് മണ്ടുവിന്ന് ഒരു മീറ്റർ ദൂരം വരെ കാണാമെന്നു വ്യക്തമാക്കുന്ന മറ്റൊരു സർട്ടിഫിക്കറ്റ് സംഘടിപ്പിച്ചു.

തീവെപ്പു കേസിലെ പ്രതികൾ ഇപ്പോഴും ജയിലിൽ കിടക്കുന്നു; അവർക്ക് ജാമ്യം നൽകുന്നില്ല. എന്നാൽ തുടർന്നുണ്ടായ നരവേട്ട സംബന്ധിച്ച കേസുകളിലെ പ്രതികൾ ജാമ്യത്തിലിറങ്ങി സൈ്വരവിഹാരം നടത്തുന്നു. ❑

# സുപ്രീം കോടതിയും രണ്ടു വിധി വൈപരീത്യങ്ങളും

**- അരുന്ധതി റോയ് -**

ജനവാസമേഖലയിലെ ബിസിനസ്സ് സ്ഥാപനങ്ങൾ സുപ്രീംകോടതി പൂട്ടി മുദ്രവച്ചത് പതിനായിരക്കണക്കിനാളുകളുടെ ജീവിതത്തേയും ഉപജീവനമാർഗ്ഗത്തേയും തകരാറിലാക്കി. ദൽഹി നഗരം ആളിക്കത്തി. പ്രതിഷേധ പ്രകടനങ്ങൾ നടന്നു. കലാപം പൊട്ടിപ്പുറപ്പെട്ടു. സത്വര കർമ്മസേനയെ രംഗത്തിറക്കി.

ജനങ്ങളുടെ നൈരാശ്യം കണ്ടും അവരുടെ അരിശം ആളിക്കത്തുന്നതു കണ്ടും മനംമടുത്ത ദൽഹി ഗവർമ്മേണ്ട് സുപ്രീം കോടതിയെ സമീപിച്ചു. കോടതിയുടെ തീരുമാനം പുന:പരിശോധിക്കണമെന്നപേക്ഷിച്ചു. ഇപ്പോൾ "ജനവാസമേഖല"യായി നിർത്തിയിട്ടുള്ള പ്രദേശങ്ങളിൽ പലതും വാണിജ്യ പ്രവർത്തനം നടത്താവുന്ന സമ്മിശ്ര മേഖലയാക്കുന്ന 2021-ാം മാണ്ടിലെ മാസ്റ്റർ പ്ലാൻ കോടതിക്കു സമർപ്പിച്ചു. എന്നാൽ ജ: സഭർവാൾ കുലുങ്ങിയില്ല. ബിസിനസ്സ് സ്ഥാപനങ്ങൾ മുദ്രവയ്ക്കുന്നത് തുടരാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ബഞ്ച് കല്പന നൽകി.

ഏതാണ്ടിതേ കാലത്ത് സുപ്രീം കോടതിയുടെ മറ്റൊരു ബഞ്ച്, നംഗ്ല മഛി ചേരിയും മറ്റു ചേരികളും പൊളിച്ചുകളയാൻ കല്പന നൽകി. ഇതു ലക്ഷക്കണക്കിനാളുകളെ ഭവനരഹിതരാക്കി. അറ്റവേനലിലെ കൊടും വെയിലിൽ അവർ തങ്ങളുടെ തകർക്കപ്പെട്ട വീടുകൾക്കരികെ അലഞ്ഞു.



ജസ്റ്റിസ് വൈ.കെ. സഭർവാൾ

സുപ്രീംകോടതിയുടെ വേറൊരു ബഞ്ച്, നഗരത്തിലെ തെരുവുകളിൽ നിന്ന് ലൈസൻസില്ലാത്ത തെരുവുകച്ചവടക്കാരെയെല്ലാം നീക്കം ചെയ്യാൻ കൽപിച്ചു. അങ്ങനെ ദൽഹിയിൽനിന്ന് പാവങ്ങളെയെല്ലാം തുടച്ചുനീക്കിക്കൊണ്ടിരിക്കെ നമുക്കുചുറ്റും ഒരു പുതിയതരം നഗരം മുളച്ചുപൊന്തുകയായിരുന്നു. എയർ കണ്ടീഷൻ ചെയ്ത തിളങ്ങുന്ന കോർപ്പറേറ്റ്മാലുകളുടേതായ ഒരു നഗരം; ബഹുരാഷ്ട്ര കുത്തകകൾ തങ്ങളുടെ അത്യാധുനിക ഉല്പന്നങ്ങൾ വിൽപ്പനക്കുവച്ചിട്ടുള്ള മൾട്ടിപ്ലെക്സെസ്സുകളുടേതായ ഒരു നഗരം.

കോടതി കല്പനപ്രകാരം മുദ്രവ

യ്ക്കപ്പെട്ട കടകളുടേയും ഓഫീസുകളുടേയും ഉടമകളിൽ അല്പം കാശുള്ളവരെല്ലാം ഈ മാലുകളിൽ സ്ഥലം കിട്ടാൻ ക്യൂ നിന്നു. അതോടെ വില ചീറിക്കയറി. മാൽബിസിനസ്സ് പെട്ടെന്ന് തളിരണിഞ്ഞു. നഗരത്തിലെ ഏറ്റവും പുതിയ വളർച്ചാമേഖലയായിരുന്നു അത്.

കൊച്ചു നഗരങ്ങളായ ഈ മാലുകളിൽ ചിലത് നിയമ വിരുദ്ധമായ നിർമ്മിതികളായിരുന്നു. കെട്ടിട നിർമ്മാണത്തിന്നാവശ്യമായ പെർമിറ്റുകളൊന്നും അവ സമ്പാദിച്ചിരുന്നില്ല. എന്നാൽ, ഇവരുടെ തോന്നിവാസങ്ങളെ മറ്റൊരു വീക്ഷാഗതിയിലൂടെയാണ് സുപ്രീംകോടതി നോക്കിക്കണ്ടത്. നിയമവാഴ്ച ഇവിടെ കണ്ണടച്ചു.

വസന്ത് കഞ്ജിലെ മാലിന്നെതിരായ റിട്ട് ഹർജി ജ. അരിജിത് പസ്സായത്തും എസ്.എച്ച്. കപ്പാഡിയയുമടങ്ങിയ ഒരു ഡിവിഷൻ ബഞ്ചിലാണ് വിചാരണക്കുവന്നത്. ഇവർ 2006 ഒക്ടോബർ 17 ന്ന് പുറപ്പെടുവിച്ച വിധിയിൽ ഇങ്ങനെ പറയുന്നു: ദൽഹി വികസന അഥോറിട്ടിയിൽനിന്ന് ഇത്തരം പെർമിറ്റുകൾ കിട്ടുകയില്ലെന്ന് ഒരു വിചാരമെങ്കിലും കക്ഷികൾക്കുണ്ടായിരുന്നുവെങ്കിൽ അവരിത്ര ഭീമമായ ഒരു തുക ഇതിന്ന് നിക്ഷേപിക്കുമായിരുന്നില്ല. അനധികൃതമായി നിർമ്മിച്ചതെല്ലാം പൊളിച്ചു കളയണമെന്ന നിലപാട് ഈ കേസിന്ന് ബാധകമാകില്ല. ചില സ്വകാര്യ വ്യക്തികളോ സ്വകാര്യ ലിമിറ്റഡ് കമ്പനികളോ നിയമം ലംഘിക്കുന്നതുപോലെയല്ല ഇത്. കോർപ്പറേറ്റ് സംഘടനകളും സ്ഥാപനങ്ങളുമാണിത്. അനുമതി ലഭിക്കുന്നതിന്ന് എന്തെങ്കിലും അഴിമതി കാണിക്കുന്ന പ്രശ്നംതന്നെ ഇവിടെ ഉദിക്കുന്നില്ല.

ഇതല്പം സങ്കീർണ്ണമാണ്. അതുകൊണ്ട് ഞാനും ഒരു സ്നേഹിതനും കൂടിയിരുന്ന് ഇതിനെ ലളിത ഭാഷയിലാക്കി. അപ്പോൾ മനസ്സിലായത്–

(എ) ഈ കേസിൽ നിർമ്മാണം അനധികൃതമാകാം. ആവശ്യമായ പെർമിറ്റ് വാങ്ങിയിട്ടില്ലായിരിക്കാം. എന്നാലും ഭീമമായ തുക നിക്ഷേപിച്ചിട്ടുണ്ട്. അതിനാൽ ഇടിച്ചു തകർക്കൽ മാത്രമല്ല പോംവഴി.

(ബി) ഭൂമി അനുവദിച്ചുകിട്ടിയ സ്വകാര്യ വ്യക്തികളോ സ്വകാര്യ ലിമിറ്റഡ് കമ്പനികളോ നിയമലംഘനം നടത്തുന്നതുപോലെയല്ല ഇത്. ഇവ കോർപ്പറേറ്റ് സംഘടനകളും സ്ഥാപനങ്ങളുമാണ്. അംഗീകാരമോ അനുമതിയോ കിട്ടുന്നതിന്നായി ഇവർ ഏതെങ്കിലും തരത്തിൽ അഴിമതി കാണിക്കുന്ന പ്രശ്നമേ ഉത്ഭവിക്കുന്നില്ല.

അതെ, അംഗീകാരമോ അനുമതിയോ ലഭിക്കുന്നതിന്ന് കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിൽ അഴിമതികാണിക്കുന്ന പ്രശ്നമേ ഉത്ഭവിക്കുന്നില്ല. ഇന്ത്യൻ സുപ്രീംകോടതിയാണിത് പറയുന്നത്. കോടതികൾ പുതിയ കോർപ്പറേറ്റ് സാമ്രാജ്യത്തിന്റെ കാവൽമാടങ്ങളാണെന്ന് ആക്ഷേപിച്ചുകൊണ്ട് തെരുവുകളിൽ തൊണ്ട പൊട്ടുമാറുച്ചത്തിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തുന്നവരോട് നാം എന്താണു പറയേണ്ടത്? അവരെ ഒച്ചവച്ച് അടക്കേണമോ? എൻറോൺ സിന്ദാബാദ് എന്ന് വിളിച്ചു കൂവണോ? ബച്ചൽ–ഹല്ലി ബർട്ടൺ സിന്ദാബാദ് എന്നോ? ടാറ്റ–ബിർള–റിലയൻസ്–വേദാന്ത–ആൽക്കൻ സിന്ദാബാദ് എന്നോ?

# അന്യായക്കാരനും ജഡ്ജിയും ഒരാൾതന്നെയാകുമ്പോൾ

ഈ സെപ്തംബറിൽ, ദൽഹിയിലെ ഒരു ഇംഗ്ലീഷ് സായാഹ്ന പത്രമായ "മിഡ് ഡേ" യുടെ പത്രാധിപർ, പബ്ലിഷർ, റസിഡന്റ് എഡിറ്റർ, കാർട്ടൂണിസ്റ്റ് എന്നിങ്ങനെ നാലുപേരെ ദൽഹി ഹൈക്കോടതി കോർട്ടലക്ഷ്യ കുറ്റത്തിന് ശിക്ഷിക്കുകയുണ്ടായി. എല്ലാവർക്കും നാലു വർഷ തടവാണ് വിധിച്ചിരിക്കുന്നത്. ഇന്ത്യൻ ചീഫ് ജസ്റ്റീസ് ആയിരുന്ന ജ. വൈ.കെ. സഭർവാൾ തന്റെ മക്കൾക്ക് ഗുണകരമാകുന്ന വിധത്തിൽ ചില കൽപ്പനകൾ പുറപ്പെടുവിച്ചുവെന്ന് പത്രം ആരോപിച്ചതാണ് ഈ കേസിന്നാസ്പദമായ സംഭവം.

ഇതിന്റെ പശ്ചാത്തലം ഇതാണ്. ദൽഹി നഗരത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് അധിവാസ മേഖലകളിൽ ബിസിനസ്സ് നടത്താൻ പാടില്ല. എന്നാൽ ഇതൊന്നും ആരും കാര്യമാക്കാറില്ല. ഒട്ടേറെ പാവങ്ങൾ കടം വാങ്ങിയും കെട്ടുതാലി പണയം വച്ചുമെല്ലാം അധിവാസ മേഖലകളിൽ ബിസിനസ്സ് നടത്തിവന്നു. ഇതൊന്നും ആരും തടഞ്ഞില്ല. രാഷ്ട്രീയക്കാർക്ക് വോട്ടിൽ മാത്രമാണല്ലോ കണ്ണ്. രാഷ്ട്രീയക്കാർക്ക് അഹിതകരമായതൊന്നും ഉദ്യോഗസ്ഥൻമാരും ചെയ്യാറില്ല. കാലക്രമത്തിൽ അധിവാസ മേഖലകളിലെ ബിസിനസ്സ് തഴച്ചു വളർന്നു; അതിൽ പലരും വമ്പൻമാരായി. ഇതിന്നിടയിൽ ഈ നിയമ ലംഘനത്തിന്നെതിരായി ആരോ സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു.

സുപ്രീംകോടതി ജഡ്ജിയായ സഭർവാളിന്ന് രണ്ടു പുത്രന്മാർ ബിസിനസ്സുകാരായുണ്ട്. ഇവർക്ക് മൂന്നു കമ്പനികളുണ്ട്. പ്രധാനമായും കയറ്റുമതി ബിസിനസ്സാണിവർ നടത്തി വന്നിരുന്നത്. ഈ കമ്പനികളുടെ ഓഫീസ് ജ. സഭർവാളിന്റെ ഔദ്യോഗിക വസതിയാ ⇨

---

സുപ്രീംകോടതിയിൽ സഭർവാൾ സംഭവം ഉണ്ടാകുന്നത് പ്രത്യയശാസ്ത്രപരമായ ഈ കാലാവസ്ഥയിലാണ്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ജ. സഭർവാളിന്റെ കല്പനകൾ മറ്റു ജഡ്ജിമാരുടേതിൽനിന്ന് അത്രയൊന്നും വ്യത്യസ്തമല്ല. പ്രത്യയശാസ്ത്രപരമായി ഇവിടെ ഏറ്റുമുട്ടലുമില്ല. മറ്റു ജഡ്ജിമാരുടെ ആർജ്ജവ ബുദ്ധിയെ ആരും ചോദ്യം ചെയ്തിട്ടുമില്ല.

സഭർവാൾ സംഭവം പുറത്തുവന്നപ്പോൾ മുൻ ചീഫ് ജസ്റ്റീസ് ജ. ജെ. എസ്. വർമ്മ, കരൺ ഥാപ്പർക്കനുവദിച്ച ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞു: "ഇപ്പറഞ്ഞത് ശരിയാണെങ്കിൽ ഇത് അനൗചിത്യത്തിന്റെ പാരമ്യമാണ്. ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ഓരോരുത്തനും ഒരു ജനാധിപത്യസംവിധാനത്തിൽ ജനങ്ങളോടുത്തരവാദപ്പെട്ടിരിക്കുന്നു. അവരെങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നറിയാൻ ജനങ്ങൾക്കവകാശമുണ്ട്. സ്ഥാനവലുപ്പം കൂടുംതോറും നിങ്ങളുടെ ഉത്തരവാദിത്വവും വർദ്ധിക്കും."

ഈ പറയുന്നത് ശരിയാണെങ്കിൽ താല്പര്യ സംഘട്ടനം വ്യക്തമാണെന്നും കടകൾ മുദ്രവയ്ക്കുന്നതു സംബന്ധിച്ച സഭർവാളിന്റെ കല്പനകൾ റദ്ദാക്കുകയും വീണ്ടും വിചാരണ നടത്തുകയും വേണ്ടതാണെന്നും ജസ്റ്റിസ് വർമ്മ പറഞ്ഞു.

(ഔട്ട് ലുക്കിൽനിന്ന്) ❑

യിരുന്നു. താനിത് അറിഞ്ഞിരുന്നില്ലെന്നാണ് സഭർവാൾ പറയുന്നത്. ഏതായാലും പിന്നീടത് ജഡ്ജിയുടെ വീട്ടിൽനിന്നുമാറ്റി. അതിന്നും പുറമെ ജഡ്ജിയുടെ മക്കൾ കെട്ടിട നിർമ്മാണ മേഖലയിലേക്കും ബിസിനസ്സ് വ്യാപിപ്പിച്ചു.

അധിവാസ മേഖലയിൽ ബിസിനസ്സ് നടത്തുന്നതിന്നെതിരായ ഹർജി ജ. സഭർവാൾ 2005 മാർച്ചിൽ സ്വയം ഏറ്റെടുത്ത് വിചാരണയാരംഭിച്ചു. സുപ്രീം കോടതിയിൽ വരുന്ന കേസുകൾ വിവിധ ജഡ്ജിമാരെ ഏൽപ്പിക്കുന്നതിന്നുള്ള അധികാരം ചീഫ് ജസ്റ്റീസിനാണ്. ഒരു കേസ് സ്വയം ഏറ്റെടുക്കാൻ ഒരു ജഡ്ജിക്കും അധികാരമില്ല. എന്നാൽ ഈ കേസിൽ ജ. സഭർവാൾ ചെയ്തത് അതാണ്. 2005ൽ സഭർവാൾ ചീഫ് ജസ്റ്റീസായിരുന്നില്ല.

അധിവാസ മേഖലയിലെ ബിസിനസ്സ് സ്ഥാപനങ്ങൾ പൂട്ടി മുദ്രവയ്ക്കാൻ കോടതി കൽപ്പിച്ചതോടെ ആയിരക്കണക്കിന് പാവങ്ങൾക്ക് തൊഴിലും ഉപജീവന മാർഗ്ഗവും നഷ്ടപ്പെട്ടു. കയ്യിൽ കാശുള്ളവർ വേറെ സ്ഥലം അന്വേഷിച്ചുപോയി. ജ. സഭർവാളിന്റെ മക്കൾ നടത്തിവന്നിരുന്ന കെട്ടിട നിർമ്മാണ ബിസിനസ്സ് തഴച്ചു വളരാൻ ഇതു സഹായിച്ചു.

ഇതിന്നു പുറമെ വേറേയും ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട. ജഡ്ജിയുടെ മക്കൾ ഒരു ഐ.ടി. പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചു. യൂണിയൻ ബാങ്ക് ഇതിന്ന് 28 കോടി രൂപ വായ്പ അനുവദിച്ചു. ഈ വായ്പക്ക് ഈടായി പണയം നൽകിയത് നിലവിലില്ലാത്ത ഐ.ടി. പാർക്ക് തന്നെയാണ്. അതിന്നും പുറമെ ദൽഹിക്കു തൊട്ടുകിടക്കുന്ന "നോയ്ഡ" വ്യവസായ മേഖലയിൽ ജ. സഭർവാളിന്റെ മക്കളുടെ കമ്പനികൾക്കു മൂന്നേക്കർ ഭൂമി നിസ്സാര വിലക്കു നൽകി. അന്ന് മുലായം സിങ്ങആയിരുന്നു യു.പി. മുഖ്യമന്ത്രി. മുലായം സിങ്ങിന്റെ വലം കയ്യായ അമർ സിങ്ങിന്നെതിരായ ഒരു ടേപ്പ് കേസ് സുപ്രീം കോടതിയുടെ പരിഗണനക്ക് വന്നപ്പോഴാണ് ഈ ഇടപാട് നടന്നത്. ടേപ്പ് പ്രസിദ്ധീകരിക്കുന്നത് ജ. സഭർവാൾ തടഞ്ഞിരുന്നു.

ദൽഹിലെ മഹാറാണിബാഗിലെ ഒരു വീട് സഭർവാളിന്റെ മക്കൾ 15 കോടി രൂപക്കുവാങ്ങിയെന്നും, ഈ പണം എവിടെനിന്ന് വന്നുവെന്ന് അജ്ഞാതമാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഈ തുകയുടെ 90 ശതമാനം വായ്പയാണെന്നാണ് സഭർവാൾ പറയുന്നത്. ഒരു ബാങ്കും ഒരു കെട്ടിടത്തിന്റെ വിലയുടെ 90 ശതമാനം വായ്പയായി നൽകാറില്ല. മാത്രമല്ല ഈ ഇടപാട് സംബന്ധിച്ച ആധാരത്തിൽ സഭർവാളിന്റെ പേര് പൂഴ്ത്തിയിട്ടുമുണ്ട്. വൈ.കെ. സഭർവാളിന്റെ പുത്രൻ എന്നതിന്നു പകരം യോഗേശ് കുമാറിന്റെ പുത്രൻ എന്നാണ് കാണിച്ചിരിക്കുന്നത്.

ഈ ആരോപണങ്ങളാണ് "മിഡ് ഡേ" കഴിഞ്ഞ മേയിൽ പ്രസിദ്ധീകരിച്ചത്. ജ. സഭർവാൾ കഴിഞ്ഞ ജനുവരിയിൽ റിട്ടയർ ചെയ്തിരുന്നു. തനിക്കെതിരായ ആരോപണങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് ജ. സഭർവാൾ സെപ്തംബർ രണ്ടാം തിയതിയിലെ "ടൈംസ് ഓഫ് ഇന്ത്യ" യിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ലേഖനത്തിലെ ഓരോ വാദത്തേയും തീർത്തും ഖണ്ഡിച്ചുകൊണ്ടുള്ള ഒരു ലേഖനം പ്രമുഖ അഭിഭാഷകനായ പ്രശാന്ത് ഭൂഷൺ സെപ്തംബർ 22 ലെ "തെഹൽക്ക"യിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്നിടയിലാണ് ദൽഹി ഹൈക്കോടതി പത്രക്കാരെ ശിക്ഷിച്ചിരിക്കുന്നത്.

❏

# പ്രതികൾ പ്രബലരായാൽ കേസിനെന്തു സംഭവിക്കും?

മഹാരാഷ്ട്രത്തിലെ വിദർഭ മേഖലയിൽപെട്ട ഖൈർലഞ്ജി ഗ്രാമത്തിലെ ഒരു ദളിത് കുടുംബത്തിലെ നാലുപേരെ തല്ലികൊന്ന് തോട്ടിൽ വലിച്ചെറിഞ്ഞത് സംബന്ധിച്ച കേസ്, കൊല്ലമൊന്നു കഴിഞ്ഞിട്ടും ഇഴഞ്ഞു നീങ്ങുകയാണ്. അക്രമം നടന്നത് പട്ടാപകലാണ്; അക്രമികൾ ആരെല്ലാമാണെന്ന് എല്ലാവർക്കുമറിയാം; കേസന്വേഷിക്കുന്നത് സി.ബി.ഐ. ആണ്. സാക്ഷികളുമുണ്ട്. എന്നിട്ടും കേസ് നീങ്ങുന്നില്ല. രാഷ്ട്രീയ പിൻബലമുണ്ടെങ്കിൽ നരഹത്യാ കേസിന്ന് പോലും എന്തു സംഭവിക്കാമെന്നതിന്ന് ഉദാഹരണമാണ് ഖൈർലഞ്ജി കേസ്.

2006 സെപ്തംബർ 29ന്നാണ് സംഭവം. ഖൈർലഞ്ജി ഗ്രാമത്തിലെ ജനങ്ങളിൽ ഏതാണ്ടെല്ലാവരും തന്നെ കുംഭി എന്ന OBC (പിന്നോക്ക) ജാതിക്കാരാണ്. ആകെ മൂന്നു ദളിത് കുടുംബങ്ങളാണ് അവിടെയുള്ളത്. അതിലൊന്ന് ഭയ്യലാലിന്റേതാണ്. ഭയ്യലാൽ, ഭാര്യ സുരേഖ (45) മകൾ പ്രിയങ്ക (17), പുത്രൻമാരായ റോഷൻ (23), സുധീർ (21) എന്നിവരടങ്ങിയതാണ് ഈ കുടുംബം.

ഈ കുടുംബത്തിന്ന് ഗ്രാമത്തിൽ ഏഴേക്കർ ഭൂമിയുണ്ട്. അതിൽ രണ്ടേക്കർ നാട്ടുകാർ തട്ടിപ്പറിച്ചിരുന്നു. പൊതു കക്കൂസ് നിർമ്മിക്കാനെന്നും റോഡുണ്ടാക്കാനെന്നും മറ്റും പറഞ്ഞാണ് അവരത് റാഞ്ചിയത്. എന്നിട്ടും നാട്ടുകാരുടെ ദുരക്കും അസൂയക്കും കുറവുവന്നില്ല. ജലസേചനത്തിന്ന് ഒരു ചാലുണ്ടാക്കാൻ ഒരേക്കർ ഭൂമികൂടി കിട്ടണമെന്ന് അവർ ശഠിച്ചു. അതുവഴക്കായി.

ഖൈർലഞ്ജിയിൽ കൃഷി മോശമാണ്. ഒരു നിവൃത്തിയുള്ളവരാരും കൃഷിയിറക്കില്ല. എന്നാൽ കഠിനാദ്ധ്വാനിയായ ഭയ്യലാൽ കൃഷിയിറക്കും. കൊല്ലത്തിൽ 60,000 രൂപ ലാഭമുണ്ടാകാറുണ്ടെന്ന് ഭയ്യലാൽ പറയുന്നു. (കഴിഞ്ഞ കൊല്ലത്തെ അക്രമത്തെത്തുടർന്ന് ഭയ്യലാലിന്ന് നാടുവിടേണ്ടി വന്നതിനാൽ ആ ഭൂമിയിപ്പോൾ 12,000 രൂപ പാട്ടത്തിന്ന് ഒരാളെ ഏല്പിച്ചിരിക്കുകയാണ്.) ഭയ്യലാൽ കഠിനാദ്ധ്വാനിയാണെന്നുമാത്രമല്ല, കുട്ടികൾ പഠിക്കാൻ അതിസമർത്ഥരുമാണ്. ഇതും കുംഭികളുടെ അസൂയക്കു കാരണമാണ്.



ഭയ്യാലാൽ

ഭയ്യലാലിന്റെ ഭാര്യ സുരേഖയുടെ ഒരു ബന്ധുവായ സിദ്ധാർത്ഥൻ ഒരു പോലീസുകാരനാണ്. ഭയ്യലാലിന്റെ ഭൂമി തട്ടിപ്പറിക്കാൻ കുംഭികൾ നടത്തുന്ന ശ്രമങ്ങളിൽ സിദ്ധാർത്ഥൻ ഇടപെടാറുണ്ട്. 2006 സെപ്തംബർ 2ന്ന് കുംഭികൾ സിദ്ധാർത്ഥനെ വളഞ്ഞിട്ടു തല്ലി. അതു കേസായി. ഈ കേസിൽ അക്രമികളായ 12 പേരെ ചൂണ്ടിക്കാണിച്ചുകൊടുത്തത് സുരേഖയാണ്. പോലീസ് 12 പേരേയും അറസ്റ്റ് ചെയ്തു.

രണ്ടാഴ്ചക്കുശേഷം സെപ്തംബർ 29ന്ന് ജാമ്യത്തിലിറങ്ങിയ അക്രമികൾ സിദ്ധാർത്ഥനെ തല്ലാനായി നാട്ടുകാരുടേയും കൂട്ടുകാരുടേയും അകമ്പടിയോടെ പുറപ്പെട്ടു. വിവരമറിഞ്ഞ സിദ്ധാർത്ഥൻ രക്ഷപ്പെട്ടു. ഇരയെ

കിട്ടാതെവന്നതിലുള്ള ദ്വേഷ്യം തീർത്തത് ഭയ്യലാലിന്റെ കുടുംബത്തിന്റെ നേരെയായിരുന്നു. സുരേഖ, പ്രിയങ്ക എന്നിവരെ വസ്ത്രാക്ഷേപം ചെയ്ത്, ബലാത്സംഗം ചെയ്തശേഷം തല്ലിക്കൊന്നു. ഭയ്യലാലിന്റെ പുത്രൻമാർക്കും ഇതേ ദുർഗ്ഗതിയാണുണ്ടായത്. ഭയ്യലാൽ ഓടി രക്ഷപ്പെട്ടു.

കുംഭികൾ ആക്രമത്തിന്നിറങ്ങിയിരിക്കുന്നുവെന്ന വിവരം പോലീസിനെ അറിയിച്ചിട്ടും അവരൊന്നും ചെയ്തില്ല. തല്ലികൊന്ന നാലുപേരുടെ മൃതദേഹങ്ങൾ തോട്ടിൽ തള്ളിയശേഷം രാത്രിയാണ് പോലീസ് തലകാണിച്ചത്. ഈ കൂട്ടക്കൊലയുടെ വിവരം ഒരുമാസക്കാലം പുറത്തറിയാതെ സൂക്ഷിച്ചു. ഒടുവിൽ നവമ്പറിലാണ് ഈ വിവരം പുറത്തുവന്നത്. മഹാരാഷ്ട്രത്തിലാകെ പ്രതിഷേധം അലയടിച്ചതിനെത്തുടർന്ന് ഗവർമ്മേണ്ടിന്ന് അനക്കം വച്ചു.

ഇവിടെ രാഷ്ട്രീയം ഇടപെടുന്നു. അക്രമികൾ ശരദ്പവ്വാറിന്റെ എൻ.സി.പി. യിൽപെട്ടവരും പ്രതിപക്ഷ കക്ഷിയായ ബി.ജെ.പി.യിൽ പെട്ടവരുമെല്ലാമാണ്. അവരെയെല്ലാം കേസിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആദ്യം 40 പ്രതികളുണ്ടായിരുന്നുവെങ്കിലും മിക്കവരേയും തെളിവില്ലെന്നു പറഞ്ഞ് കേസിൽനിന്ന ഒഴിവാക്കി. ഇപ്പോൾ 11 പേർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്.

അക്രമത്തിന്നുശേഷം ഭയ്യലാൽ കൊല്ലപ്പെട്ട സുരേഖയുടെ ജ്യേഷ്ഠത്തിയുടെ മകനായ നരവനെയുടെ കൂടെയാണ് താമസിച്ചിരുന്നത്. എന്നാൽ അദ്ദേഹമിപ്പോൾ ദിലീപ് ഉക്കെ എന്ന എൻ.സി.പി.ക്കാരന്റെ 'സംരക്ഷണ'ത്തിലാണ് കഴിയുന്നത്. ഭയ്യലാലിന് ഒരു ഹോസ്റ്റലിൽ പ്യൂൺ ആയി 5000 രൂപ ശമ്പളത്തിൽ നിയമനം ലഭിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട ബന്ധുക്കൾക്കുള്ള നഷ്ടപരിഹാരമായി നാലരലക്ഷം രൂപയും കിട്ടിയിട്ടുണ്ട്. ഭയ്യലാൽ ഇപ്പോൾ പഴയ ബന്ധുക്കളും സഹായികളുമായി വഴക്കിലുമാണ്.

ഖൈർലഞ്ജിക്കടുത്ത ഭണ്ഡാരയിലെ കോടതിയിലാണ് കേസിന്റെ വിചാരണ നടക്കുന്നത്. (ഇതിന്ന് സ്പെഷൽ കോടതിയെ നിയമിക്കാൻ ഗവർമ്മേണ്ട് കൂട്ടാക്കിയിട്ടില്ല.) മാസത്തിൽ നാലഞ്ചു ദിവസമേ കേസ് വിചാരണക്കെടുക്കൂ. അന്ന് പ്രോസിക്യൂട്ടറോ പ്രതിഭാഗം വക്കീൽമാരോ ഉണ്ടാവില്ല. തന്മൂലം കേസങ്ങനെ നീണ്ടുപോകൂ. ഇതിന്നകം ആറുസാക്ഷികളെ മാത്രമേ വിസ്തരിച്ചിട്ടുള്ളൂ. ആകെ എഴുപതു സാക്ഷികളുണ്ട്. അതിൽ രണ്ടുപേർ ദൃക്സാക്ഷികളാണ്.

സി.ബി.ഐ. യുടെ കുറ്റപത്രത്തിൽ ബലാത്സംഗത്തിന്ന് കേസില്ല. മൃതദേഹങ്ങൾ തിരിച്ചറിയാൻതന്നെ വിഷമമായ വിധത്തിൽ വികലമാക്കപ്പെട്ടിരുന്നുവെന്നും. പോസ്റ്റ് മാർട്ടം പരിശോധനയിൽ ബലാത്സംഗക്കാര്യം പരിശോധിച്ചിട്ടില്ലെന്നും സി.ബി.ഐ. പറയുന്നു. ഭയ്യലാൽ തന്നെ ഇപ്പോൾ നാനാവിധ സമ്മർദ്ദങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. അക്രമത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങളും ഇവരിൽ പ്രമാണികളെ കേസിൽനിന്നൊഴിവാക്കാൻ മുൻകയ്യെടുത്തവരുടെ വിവരങ്ങളുമെല്ലാം ഭയ്യലാൽ പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഉക്കെയുടെ സംരക്ഷണത്തിൻ കീഴിൽവന്നശേഷം അദ്ദേഹം കാലുമാറിയതായിട്ടാണ് കാണുന്നത്.

ഗ്രാമത്തിലുള്ള മറ്റു രണ്ടു ദളിത് കുടുംബങ്ങളും ഭയ്യാലാലിനെ ഉപേക്ഷിച്ചിരിക്കുകയാണ്. അവർക്ക് ജീവിക്കാൻ കുംഭികളെ ആശ്രയിക്കേണ്ടതുണ്ട്. അവരുടെ അഹിതം നേടാൻ അവർ തയ്യാറല്ല.

ഭയ്യലാലിന് ഗവർമ്മേണ്ട് 1,10,000 ക യുടെ ഒരു വീട് നൽകാൻ തയ്യാറായി. പക്ഷെ താൻ പണിയെടുക്കുന്ന ഭണ്ഡാറ പട്ടണത്തിൽ തന്നെ വീടുകിട്ടണമെന്നായി ഭയ്യലാൽ. പട്ടണത്തിൽ വീടനുവദിക്കണമെങ്കിൽ ഇരട്ടി വില വരും; അധികം വരുന്ന തുക ഭയ്യലാൽ ഗഡുക്കളായി അടക്കണമെന്ന് കലക്ടർ ആവശ്യപ്പെട്ടു. പക്ഷെ ഭയ്യലാൽ അതിന്നു തയ്യാറല്ല അതങ്ങനെ

# ജനാധിപത്യത്തിന് വെല്ലുവിളികൾ
## ജനനീതിയുടെ പ്രഭാഷണ പരമ്പര



*ജനാധിപത്യത്തിന് വെല്ലുവിളികൾ - എന്ന ജനനീതിയുടെ പ്രഭാഷണ പരമ്പര സാഹിത്യ അക്കാദമിയിൽ ഡോ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്ത്, ആദ്യ പ്രഭാഷണം നടത്തുന്നു.*

**വെ**ള്ളിയാഴ്ചകളിൽ തുടർച്ചയായി ജനനീതി സംഘടിപ്പിച്ചുവരുന്ന ജനാധിപത്യ ചർച്ചാസദസ്സുകളിൽ കേരളത്തിലെ പ്രശസ്തരായ ചിന്തകർ, ഗ്രന്ഥകാരന്മാർ, സാഹിത്യ-സാംസ്ക്കാരിക പ്രവർത്തകർ എന്നിങ്ങനെ വിവിധ മേഖലകളിൽ ലബ്ധപ്രതിഷ്ഠരായവർ പങ്കെടുത്തു സംസാരിക്കുന്നു.

ഡോ. കെ.എൻ. പണിക്കർ, ശ്രീ. കെ.വേണു, പ്രൊഫ. എം. തോമസ് മാത്യു, ഡോ. നൈനാൻ കോശി, ഡോ. രാജൻ ഗുരുക്കൾ, വൈശാഖൻ, പ്രൊഫ. സാറാ ജോസഫ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. തുടർന്ന് വരുന്ന വാരാന്ത്യ സദസ്സുകളിൽ ശ്രീ. എസ്.എം. വിജയാനന്ദ് IAS, ഡോ. സെബാസ്റ്റ്യൻ പോൾ എം.പി., ഡോ. എം.ജി.എസ്. നാരായണൻ, ശ്രീ. വി.കെ. ശ്രീരാമൻ, ശ്രീ. ഗൗരീദാസൻ നായർ, ശ്രീമതി കെ. അജിത, ഹമീദ് ചേന്ദമംഗലൂർ, ഡോ. ടി.ടി. ശ്രീകുമാർ, ഡോ. ജെ. ദേവിക, ഡോ. കെ.ടി. ജലീൽ തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തുന്നതാണ്. ❑

ഒന്നും മൂന്നുമല്ലാതെ കിടക്കുന്നു.

ഈ സെപ്തംബർ 29 ന്ന് ഖൈർലഞ്ജി കൂട്ടക്കൊലയുടെ വാർഷികം ആചരിക്കപ്പെട്ടു. ഭയ്യലാലിന്റെ ബന്ധുക്കളും പഴയ സുഹൃത്തുക്കളും ചേർന്നാണ് ഒരു ചടങ്ങു നടത്തിയത്. ഇവർ റിപ്പബ്ലിക്കൻ പാർട്ടിയുടെ അനുയായികളാണ്. അതേ സമയം എൻ.സി.പി. ക്കാരുടെ നേതൃത്വത്തിൽ മറ്റൊരു ചടങ്ങു നടന്നു. ഭയ്യലാൽ അതിലാണ് സംബന്ധിച്ചത്.

ഖൈർലഞ്ജി ദുരന്തത്തിന്ന് ദയനീയമായ മറ്റൊരു വശമുണ്ട്. ഒരു പാവത്താൻ വല്ലാത്തൊരു പ്രതിസന്ധിയിൽ ചെന്നു ചാടിയാൽ, അയാളെ ചൂഷണം ചെയ്യാൻ എല്ലാ നിക്ഷിപ്ത താല്പര്യക്കാരും ചുറ്റും കൂടും. അവരുടെ പിടിവലിക്കിടയിൽ ആ പാവത്താൻ ഒന്നുമല്ലാതാകും.

❑

# ബാലപീഡനത്തിന്നെതിരെ ഐക്യരാഷ്ട്രസമിതി

**ലോ**കത്തിൽ കുട്ടികൾക്കെതിരെ നടന്നുവരുന്ന നാനാതരം പീഡനങ്ങളെക്കുറിച്ചന്വേഷിക്കാൻ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ 2006 ൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി ഈയിടെ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ അത്യധികം അസ്വാസ്ഥ്യജനകമാണ്.

ആൺ-പെൺ വ്യത്യാസമില്ലാതെ, ലക്ഷക്കണക്കിന്നു കുട്ടികൾ ദിവസേന പീഡനങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതിന്നു പ്രായവ്യത്യാസമില്ല. എല്ലാ രാജ്യങ്ങളിലും എല്ലാ സമൂഹങ്ങളിലും ബാലപീഡനം നിത്യ സംഭവമാണ്. അതുപോലെ വീട്ടിലും വിദ്യാലയത്തിലും സ്ഥാപനങ്ങളിലും പണിസ്ഥലത്തും കുട്ടികൾ പീഡിപ്പിക്കപ്പെടുന്നുണ്ട്.

കുട്ടികളെ തല്ലുന്നതുപോലെയുള്ള ദേഹോപദ്രവമാണ് പ്രധാന പീഡനരീതി; കുട്ടികളെ ലൈംഗിക വേഴ്ചക്കിരയാക്കുന്നതും വ്യാപകമാണ്. കുട്ടികൾക്കെതിരെ ഭീകരമായ ദണ്ഡനമുറകൾ പ്രയോഗിക്കുന്നതായും ചിലരെ തല്ലികൊല്ലുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഈ പീഡനങ്ങൾ നടത്തുന്നവരിൽ മാതാപിതാക്കൾ, രക്ഷാകർത്താക്കൾ, അധ്യാപകർ തൊഴിലുടമകൾ പോലീസുകാർ എന്നിവരെല്ലാം പെടുന്നു.

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാൻ അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന് ഐക്യ രാഷ്ട്ര സെക്രട്ടറി ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കൊല്ലത്തെ ഐക്യ രാഷ്ട്ര ജനറൽ അസംബ്ലിയിൽ ഈ പ്രശ്നം ഉന്നയിക്കപ്പെടാനിടയുണ്ട്. ബാലപീഡന സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനായി ഐക്യ രാഷ്ട്ര സെക്രട്ടറി ജനറൽ ഒരു പ്രത്യേക പ്രതിനിധിയെ നിയമിക്കണമെന്ന ആവശ്യവും ഉയർന്നു വന്നിട്ടുണ്ട്. പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിക്കുക, സന്നദ്ധ സംഘടനകളുടെ സേവനം സംഘടിപ്പിക്കുക, ബാലപീഡനം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക എന്നിവയായിരിക്കും ഈ പ്രതിനിധിയുടെ ജോലി.

പഠന റിപ്പോർട്ടിൽ 12 നിർദ്ദേശങ്ങളാണുള്ളത് -

(1) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്നും അക്രമികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്നും ദേശീയ തലത്തിലും പ്രാദേശിക തലത്തിലും സംവിധാനമുണ്ടാക്കുക.

(2) കുട്ടികൾക്കെതിരായ പീഡനങ്ങൾ പാടെ നിരോധിക്കുന്ന നിയമ നിർമ്മാണം നടത്താൻ ഗവർമ്മേണ്ടുകളെ പ്രേരിപ്പിക്കുക. കുട്ടികളെ തല്ലുന്നതും ബാല്യ വിവാഹത്തിന്നിരയാക്കുന്നതും ലൈംഗിക പീഡനത്തിന്നിരയാക്കുന്നതുമെല്ലാം ഇതിന്റെ പരിധിയിൽ വരും.

(3) ബാലപീഡനത്തിന്ന് ഇരയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്ന് മുൻഗണന നൽകുക.

(4) മൂല്യ പോഷണം നടത്തുക. കുട്ടികളെ വളർത്തുന്നതു സംബന്ധിച്ചു രക്ഷിതാക്കൾക്കുള്ള മനോഭാവം മാറ്റാൻ പ്രചരണങ്ങൾ സംഘടിപ്പിക്കുക.

(5) കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന നാനാതരം സംഘടനകളുടെ ശേഷി വികസിപ്പിക്കുക.

(6) കുട്ടികൾക്ക് നിയമ സഹായം നൽകാനും അവരുടെ ആരോഗ്യപരിപാലനത്തിന്നും സാമൂഹ്യ അവബോധത്തിന്നും സംവിധാനമുണ്ടാക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

❑

# നിയമം പറഞ്ഞ ദളിതന്റെ കാൽ തല്ലിയൊടിച്ചു!

മഹാരാഷ്ട്രത്തിൽനിന്ന് ദളിത പീഡനത്തിന്റെ മറ്റൊരു വാർത്ത പുറത്തു വന്നിരിക്കുന്നു. നാഗപ്പൂരിന ടുത്ത സെൽഗവോൺ ഗ്രാമത്തിൽ ആഗസ്ത് 14ന്നാണ് സംഭവമുണ്ടായത്.

വസന്ത് ബാദ്ഡെ(34) ഒരു ദളിത നാണ്; ലോറി ഡ്രൈവറാണ്. ആഗസ്ത് 14ന്ന് ജോലി കഴിഞ്ഞ് ഒരു സ്നേഹിതനോടൊപ്പം സൈക്കിളിൽ വീട്ടിലേക്കുമടങ്ങുകയായിരുന്നു. വഴിക്ക്, ചന്ദേവാനിയിൽവച്ച്, സൽഗവോണിലെ ഡെപ്യൂട്ടി സർപഞ്ച് ആയ ഹനൂമന്തയേയും മകനേയും കണ്ടെത്തി. വർത്തമാനം പറയുന്നതിന്നിടയിൽ ഒരു കിണറിന്റെ പ്രശ്നം ഉയർന്നു വന്നു.

വിദർഭക്കായി പ്രധാനമന്ത്രി പ്രഖ്യാപിച്ച സഹായ പദ്ധതി പ്രകാരം സെൽഗവോണിന്ന് പത്തു കിണറുകൾക്കുള്ള പണം അനുവദിച്ചിരുന്നു. എന്നാൽ ഒരു കിണർപോലും ദളിതർക്ക് അനുവദിച്ചിരുന്നില്ല. പഞ്ചായത്തുകാണിച്ച ഈ വിവേചനത്തെപ്പറ്റി വസന്ത് ഡെപ്യൂട്ടി സർപഞ്ചായ ഹനുമന്തയോട് ചോദിച്ചു. അത് തർക്കത്തിന്നിടയാക്കി. ആളുകൾ കൂട്ടംകൂടി. ഒരാൾ വസന്തിന്റെ സൈക്കിൾ പിടിച്ചെടുത്തു. ബഹളമായപ്പോൾ വസന്തിന്റെ സ്നേഹിതൻ ഓടി രക്ഷപ്പെട്ടു. വസന്താകട്ടെ സൈക്കിൾ നഷ്ടപ്പെട്ടതിനാൽ കാൽനടയായി വീട്ടിലേക്ക് പുറപ്പെട്ടു.

വസന്ത് വീട്ടിലെത്തിയപ്പോഴേക്കും വലിയൊരു സംഘം വടിയുമായി എത്തിച്ചേർന്നു. അവർ വസന്തിനെ മർദ്ദിക്കാൻ തുടങ്ങി. ബഹളം കേട്ട് വസന്തിന്റെ അമ്മ പുറത്തുവന്ന് തടയാൻ നോക്കിയപ്പോൾ അവരേയും തല്ലി. അക്രമികൾ ഒരു കയർ കൊണ്ട് വസന്തിന്റെ കാലുകൾ കൂട്ടിക്കെട്ടി വലിച്ചുകൊണ്ടുപോയി. 600 മീറ്റർ ദൂരെയുള്ള ബുദ്ധ വിഹാരത്തിന്നടുത്തെത്തിയപ്പോഴേക്കും വസന്തിന് ബോധം കെട്ടിരുന്നു. അയാൾ മരിച്ചുവെന്നു കരുതി അക്രമികൾ സ്ഥലം വിട്ടു.

ദേഹമാസകലം പൊട്ടിയൊലിച്ച നിലയിൽ കിടന്നിരുന്ന വസന്തിനെ ആസ്പത്രിയിലെത്തിച്ചത് പോലീസാണ്. കാലിന്റേയും കയ്യിന്റേയും എല്ല് പൊട്ടിയിട്ടുണ്ടെന്ന് ഡോക്ടർ പറഞ്ഞു. നിലത്തിട്ടു വലിച്ചതിനാൽ പുറത്ത് ഒരിഞ്ച് തൊലി പോലും ബാക്കിയില്ല. ഒരു മാസത്തെ ചികിത്സക്കുശേഷമാണ് വസന്തിനെ ഡിസ്ചാർജ് ചെയ്തത്. വസന്തിപ്പോൾ നാഗപ്പൂരിലുള്ള ഭാര്യ വീട്ടിൽ കിടന്ന് ചികിത്സ തുടരുന്നു. സെൽഗ വോണിലേക്ക് പോകാൻ അദ്ദേഹത്തിന്ന് ധൈര്യമില്ല.

ആഗസ്റ്റ് 14ന്നാണ് ഈ അതിക്രമം നടന്നതെങ്കിലും ആഗസ്ത് 26ന്നു മാത്രമേ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളൂ. പക്ഷെ ദളിത് പീഡന നിരോധന നിയമപ്രകാരമല്ല കേസ് ചാർജ് ചെയ്തിരിക്കുന്നത്; വെറുമൊരു അടിപിടിക്കേസായിട്ടാണ് കേസ് രജിസ്റ്റർ ചയ്തിരിക്കുന്നത്. ആകെയുള്ള 11 പ്രതികളിൽ എട്ടുപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കോടതി എല്ലാവരേയും ജാമ്യത്തിൽ വിട്ടു. കേസെടുത്താൽ 30 ദിവസത്തിന്നകം കുറ്റപത്രം നൽകണമെന്നാണ് നിയമം. എന്നാൽ അതുണ്ടായില്ല. ദളിത് പീഡന നിയമപ്രകാരം കേസെടുക്കേണ്ടെന്ന് പബ്ലിക് പ്രോസിക്യൂട്ടർ പറഞ്ഞതിനാലാണ് ഇത് അടിപിടിക്കേസായി രജിസ്റ്റർ ചെയ്തതെന്നു പോലീസ് പറയുന്നു. ⇨

# ദളിതർക്കെതിരെ അക്രമം: പോലീസ് പ്രതിക്കൂട്ടിൽ

**പ**ട്ടിയെ തല്ലിക്കൊല്ലാൻ അതിന്ന് പേപ്പട്ടിയെന്നു പേരിടുക എന്നത് ഒരു നാട്ടുമര്യാദയാണ്. കുറച്ചുകാലമായി ബീഹാറിൽ നിന്നുവരുന്ന വാർത്തകളെല്ലാം ഈ മിടുക്കിനെ അനുസ്മരിപ്പിക്കുകയാണ്. കള്ളൻ എന്ന മുദ്രയടിച്ചാൽ ആരേയും തല്ലിക്കൊല്ലാമെന്നതാണ് അവിടത്തെ സ്ഥിതി. ഈ അതിക്രമ പരമ്പരയിൽ ഏറ്റവും ഭീകരമായത് വൈശാലി ജില്ലയിൽ സെപ്തമ്പറിൽ നടന്ന കൂട്ടക്കൊലയാണ്.

ബീഹാറിലെ നാടോടി വർഗ്ഗങ്ങളിലൊന്നാണ് കുറേരികൾ. ഉപജീവന മാർഗ്ഗം കണ്ടെത്താൻ കഴിയുന്നത് എവിടെയാണോ അവിടെ ക്യാമ്പടിക്കുക എന്നതാണിവരുടെ ജീവിത രീതി. കൂട്ടം കൂട്ടമായാണിവർ സഞ്ചരിക്കുക. അങ്ങനെ ഒരു സംഘം സെപ്തമ്പർ 12ന്ന് വൈശാലി ജില്ലയിലെ ധേൽപൂർവ്വ ഗ്രാമത്തിൽ എത്തി ക്യാമ്പടിച്ചിരുന്നു. ഈ ഗ്രാമത്തിൽ ഇടക്കിടെ മോഷണങ്ങൾ നടക്കാറുണ്ട്. സെപ്തമ്പർ 12ന്ന് രാത്രിയും ഒരു വീട്ടിൽ മോഷണം നടന്നു. രാവിലെയാണ് വീട്ടുകാരും നാട്ടുകാരും മോഷണവിവരം അറിഞ്ഞത്. തലേന്ന് ഗ്രാമത്തിലെത്തിയ കുറേരി വർഗ്ഗക്കാരായിരിക്കണമെന്നുകരുതി ചിലർ അവരെ ചോദ്യം ചെയ്തു. തടിച്ചുകൂടിയ നാട്ടുകാർ കുറേരികളെ മർദ്ദിച്ചു. തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽനിന്ന് പോലീസുകാർ എത്തിയതോടെ ജനങ്ങൾക്ക് വീര്യം കൂടി. പോലീസും നാട്ടുകാരും കൂടി കുറേരികളെ മർദ്ദിക്കാൻ തുടങ്ങി. ഒരു ചെറുപ്പക്കാരൻ ഓടി രക്ഷപ്പെട്ടു. ബാക്കിയുള്ള പത്തുപേരും മർദ്ദനമേറ്റ് മരിച്ചു.

കാര്യം പുലിവാലായെന്നുകണ്ടപ്പോൾ പോലീസ് ഒരു കെട്ടുകഥ പടച്ചുണ്ടാക്കി. കുറേരികൾ മോഷണം നടത്തി മടങ്ങുന്നതിന്നിടയിൽ നാട്ടുകാരുടെ വളണ്ടിയർ സേനയുടെ പിടിയിൽ പെട്ടതാണെന്ന് പോലീസ് പ്രചരിപ്പിച്ചു. പരിക്കേറ്റ് ആസ്പത്രിയിൽ കിടക്കുന്ന കുറേരി യുവാവിനെ പോലീസ് ഭീഷണിപ്പെടുത്തി കുറ്റസമ്മത പ്രസ്താവന വാങ്ങുകയും ചെയ്തു.

മരിച്ച പത്തുപേരുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന്ന് വിധേയമാക്കിയ ശേഷം ആസ്പത്രിയിൽനിന്ന് വിട്ടുകൊടുത്തു. മൃതദേഹങ്ങൾ ഏറ്റുവാങ്ങാൻ ബന്ധുക്കളാരും എത്താത്തതിനാൽ ശവസംസ്കാര ചുമതല പോലീസിനെ ഏൽപിച്ചു. (അനാഥ മൃതദേഹങ്ങൾ സംസ്കരിക്കാൻ പോലീസിന് പ്രത്യേകം ഫണ്ട് ഉണ്ട്) മൃതദേഹങ്ങൾ തങ്ങൾ ഏറ്റുവാങ്ങി സംസ്കരിച്ചുവെന്നാണ് പോലീസ് ജില്ലാ ഭരണാധികാ

---

നാഗപൂരിനടുത്ത സെൽഗവോൺ ഗ്രാമത്തിൽ മുപ്പതിൽപരം ദളിത കുടുംബങ്ങളുണ്ട്. അവരിലധികവും കൂലിപ്പണിക്കാരാണ്. വസന്തിനെപ്പോലെ അല്പം ചിലർക്കേ സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ളൂ. ഗ്രാമത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും മറ്റു പിന്നോക്ക സമുദായം (OBC) എന്ന വിഭാഗത്തിൽ പെടുന്നു. ഇവരിലധികവും സമ്പന്നരായ കർഷകരാണ്. വസന്തിന്റേയും അമ്മയുടേയും ചികിത്സക്കായി ഇതിന്നകം ഒന്നരലക്ഷം രൂപ ചെലവായതായി കുടുംബാംഗങ്ങൾ പറഞ്ഞു. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

രികൾക്ക് റിപ്പോർട്ട് ചെയ്തത്. എന്നാൽ തൊട്ടടുത്ത ദിവസംതന്നെ മൃതദേഹങ്ങൾ സമീപത്തുള്ള നദിയിൽ പൊങ്ങി. പട്ടികൾ മൃതദേഹങ്ങൾ കടിച്ചുവലിക്കുന്നത് കണ്ടപ്പോഴാണ് ജനങ്ങൾ കാര്യം മനസ്സിലാക്കിയത്.

നാടോടികൾക്കായുള്ള നാഷനൽ കമ്മീഷന്റെ ചെയർമാനായ ബാലകൃഷ്ണ സിദ്റാം റെങ്കെയും മെമ്പർമാരും ധേൽപൂർവ്വയിലെത്തി അന്വേഷണം നടത്തുകയും ആസ്പത്രിയിൽ ചികിത്സയിൽ കഴിയുന്ന കുറേരി യുവാവിനെകണ്ട് സംസാരിക്കുകയും ചെയ്തപ്പോഴാണ് പോലീസ് കെട്ടിച്ചമച്ച കഥകൾ കള്ളക്കഥകളാണെന്ന് തെളിഞ്ഞത്. പോലീസ് പറഞ്ഞുണ്ടാക്കിയ കഥകളെല്ലാം പത്രക്കാർ വിശ്വസിച്ചുവെന്നതാണ് ഇതിലെ ഏറ്റവും ദയനീയമായ വശം. ഒടുവിൽ നാടോടി കമ്മീഷൻ ചെയർമാൻ അന്വേഷണം നടത്തിയപ്പോഴാണ് സത്യം പുറത്തുവന്നത്. ഇതിനെത്തുടർന്ന് രണ്ടു പോലീസുകാലെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; ഒരു സബ്ബിൻസ്പെക്ടറെ സ്ഥലം മാറ്റുകയും ചെയ്തു.

ധേൽപൂർവ്വ ഗ്രാമത്തിനു തൊട്ടടുത്താണ് പോലീസ് സ്റ്റേഷൻ അതുകൊണ്ടുതന്നെ അക്രമികൾ ആരെല്ലാമാണെന്ന് പോലീസിന്ന് നന്നായി അറിയാം. എന്നാൽ പ്രഥമവിവര റിപ്പോർട്ടിൽ ഒരാളുടെ പേർപോലും ചേർത്തിട്ടില്ല. "അജ്ഞാതരായ മുന്നൂറോളം പേര്"ക്കെതിരായാണ് കേസ്. കൊല്ലപ്പെട്ടവരെല്ലാം ദളിതരാണെങ്കിലും, ദളിതർക്കെതിരായ അതിക്രമം തടയുന്ന നിയമപ്രകാരമല്ല കേസ്. നേരെ മറിച്ച് ഇതൊരു മോഷണക്കേസായിട്ടാണ് ചാർജ് ചെയ്തിരിക്കുന്നത്.

## മാലിന്യം തുപ്പുന്ന രാജ്യങ്ങൾ

ആഗോള താപനം വർദ്ധിക്കാൻ ഇടയാക്കുന്ന കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽ തള്ളുന്ന രാജ്യങ്ങളും അവ വിസർജ്ജിക്കുന്ന കാർബൺഡയോക്സൈഡിന്റെ അളവും (കോടി ടൺ എന്ന കണക്കിൽ)

| | | |
|---|---|---|
| അമേരിക്ക | : 707 | കോടി ടൺ |
| ചീന | : 493 | " |
| റഷ്യ | : 195 | " |
| ഇന്ത്യ | : 188 | " |
| ജപ്പാൻ | : 135 | " |
| ജർമ്മനി | : 100 | " |
| ബ്രസീൽ | : 85 | " |
| കനഡ | : 75 | " |
| ബ്രിട്ടൻ | : 65 | " |
| ഇറ്റലി | : 58 | " |
| ഫ്രാൻസ് | : 55 | " |
| ആസ്ട്രേലിയ | : 53 | " |
| ദക്ഷിണ കൊറിയ | : 52 | " |
| മെക്സിക്കോ | : 51 | " |
| ഇൻഡോനേഷ്യ | : 50 | " |
| ദക്ഷിണാഫ്രിക്ക | : 41 | " |

അതിക്രമങ്ങൾ ബീഹാറിലൊരു പുതുമയല്ല. കുറ്റവാളികളെന്നു സംശയിക്കപ്പെടുന്നവരെ പിടികൂടി കണ്ണു കുത്തിപ്പൊട്ടിക്കുന്നത് ബീഹാർ പോലീസിന്റെ ഒരു ഹോബിയായിരുന്നു. 1989ൽ ലാലു പ്രസാദ് മുഖ്യമന്ത്രിയായശേഷമാണ് ബീഹാറിലെ അതിക്രമങ്ങൾക്ക് ബ്രേക്ക് വീണത്. എന്നാൽ ഈയിടെ നിതീഷ്കുമാർ മുഖ്യമന്ത്രിയായതോടെ ബീഹീർ വീണ്ടും അതിക്രമങ്ങളുടെ നാടായി മാറിയിരിക്കുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.